# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4 ലക്കം 11 പേജുകൾ 34 ഫെബ്രുവരി 2024




- കഥ – സി.ആർ.രാജൻ
- കാർട്ടൂൺ കേരളം
- പുസ്തകപരിചയം
- മനീഷ
- ഡോ. രമ്യാരാജ്
- ബി.ജോസുകുട്ടി
- കൃഷ്ണകുമാർ മാപ്രാണം




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



ചില കാരണങ്ങളാൽ, അൽപം വൈകിയാണ് ഫെബ്രുവരി ലക്കം പ്രസിദ്ധീകരിക്കുന്നത്. സാംസ്കാരിക ഇടപെടലുകൾ അനിവാര്യമായ സാഹചര്യം നിലവിലുള്ളതിനാൽ, പരസ്യവരുമാനം ഇല്ലാതെതന്നെ മാസിക പ്രസിദ്ധീകരിക്കുന്ന ശ്രമകരമായ പ്രവർത്തനത്തിലാണ് ഇതിന്റെ പിന്നണി പ്രവർത്തകർ. പരസ്യം തന്നും ഇനിയുള്ള ലക്കങ്ങൾ സ്പോൺസർ ചെയ്തും സഹകരിക്കണമെന്ന് പ്രിയ വായനക്കാരോട് അഭ്യർത്ഥിക്കുന്നു.

Full Page പരസ്യം (A4 Size): Rs. 4000

ഒരു ലക്കത്തിന്റെ സ്പോൺസർഷിപ്പ്: Rs. 5000

ഒരു പ്രിന്റഡ് വാരിക കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി, ഗൗരവതരമായ സാംസ്കാരികപ്രവർത്തനം നടത്തുകയെന്ന സ്ഥാപിതലക്ഷ്യം നിറവേറ്റുന്നതിൽ ബദ്ധശ്രദ്ധരാണ് 'മഷിപ്പച്ച'യുടെ പ്രവർത്തകർ. മാസികയിൽ ഉൾപ്പെടുത്തുന്ന രചനകൾ, കാമ്പുള്ളവയായിരിക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.

മാസികയിലേക്ക് എല്ലാ ദിവസവും ഓരോ കവിത അയക്കുന്നയാളുടെ ഒരു രചനപോലും സ്വീകാര്യമാകാതിരുന്നതും ഇക്കാരണത്താൽ തന്നെ. എഴുതിവെച്ചതിൽ വ്യത്യസ്തതയാർന്ന, കാമ്പുള്ള രചനകൾ മാത്രം മാസികയിലേക്ക് അയക്കുവാൻ ശ്രദ്ധിക്കുക. വായനക്കാർ കാത്തിരിക്കുന്ന ഒരു മാസിക എന്ന നിലയിലേക്ക് ഈ പ്രസിദ്ധീകരണത്തെ വളർത്തിയെടുക്കുകയെന്ന ദൗത്യത്തിൽ, എഴുത്തുകാർക്ക് വലിയ പങ്കുണ്ട്. പ്രസിദ്ധീകരിക്കുന്നതിന് മികച്ച രചനകൾ അയക്കുവാൻ എഴുത്തുകാർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കഥകളും കവിതകളും പുസ്തകവിശകലനങ്ങളും പുതിയ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നർമ്മത്തിൽ പൊതിഞ്ഞ കൂരമ്പുമായി 'കാർട്ടൂൺ കേരളം' പംക്തിയും തുടരുന്നു. ചില കാരണങ്ങളാൽ, എഡിറ്റോറിയൽ ബോർഡിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മികച്ച പ്രസിദ്ധീകരണമായി മാസിക പുറത്തിറക്കുകയെന്ന ലക്ഷ്യം കൈവരിക്കാൻ ഇതു സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

## കാർട്ടൂൺ കേരളം






എം.ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


### കഥ
സി.ആർ.രാജൻ .................. പേജ് 4
ഡോ. അജയ് നാരായണൻ ..... പേജ് 22

### കാർട്ടൂൺ
എം.ആർ.ബാലചന്ദ്രൻ ........... പേജ് 3

### പുസ്തകപരിചയം
ദർശന ............................ പേജ് 26
മധു മുല്ലൂർ ....................... പേജ് 28
രാജലക്ഷ്മി മഠത്തിൽ .......... പേജ് 30

### കുട്ടികളുടെ മഷിപ്പച്ച .. പേജ് 32

### കവിത
മനീഷ .............................. പേജ് 9
ഡോ. രമ്യാ രാജ് ആർ ............ പേജ് 10
ബി. ജോസുകുട്ടി ................. പേജ് 11
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 12
ടി.എം.പ്രിൻസ് .................. പേജ് 13
കയ്യുമ്മു കോട്ടപ്പടി ............... പേജ് 14
അശ്വതി വി.വി. .................. പേജ് 15
മായ ബാലകൃഷ്ണൻ............ പേജ് 16
ജാസ്മിൻ കുഞ്ഞോൾ........... പേജ് 17
ഷൈനി കെ.പി. .................. പേജ് 18
സരുൺ നാറാത്ത് ................ പേജ് 19
ആബിദ ഇസ്മയിൽ ............ പേജ് 20
ഷാൻ മുഹമ്മദ് സഫറുദ്ധീൻ ... പേജ് 21

# വെന്തിങ്ങ

കഥ



സി. ആർ. രാജൻ



ആദ്യകുർബാന സ്വീകരണത്തിന് ഒരുങ്ങുമ്പോഴാണ് വെറോനിയുടേയും ലിസയുടേയും കഴുത്തിൽ വെന്തിങ്ങ വീണത്. കറുത്ത ചരടിന്റെ വട്ടചുറ്റിൽ രണ്ടറ്റത്ത് കന്യാമറിയത്തിന്റെയും ഉണ്ണിയേശുവിന്റെയും ചിത്രങ്ങൾ തുന്നിച്ചേർത്ത വെന്തിങ്ങ, കുളിക്കുമ്പോൾ മാത്രമാണ് അവർ പിന്നെ ഊരിവെച്ചിരുന്നത്.

കന്യാമാതാവിനെ മുത്തിയാൽ സങ്കടങ്ങൾ വഴിമാറുമെന്നും ഭയമെന്ന രാക്ഷസാകാരനെ കുഞ്ഞുകൈകളാൽ ഈശോ കുത്തിപൊട്ടിക്കുമെന്നും വെന്തിങ്ങ കഴുത്തിലണിയിച്ച സിസ്റ്റർ ഇരുവരുടെയും കാതിൽ പറഞ്ഞു കൊടുത്തിരുന്നു.

പള്ളിമുറ്റത്ത് ഓടി കളിച്ചു വളർന്നവരാണ് വെറോനിയും ലിസയും. വിശാലമായ തെങ്ങിൻതോപ്പിൽ, പള്ളിക്കന്ന് മതിൽക്കെട്ടുണ്ടായിരുന്നില്ല. ഇരട്ടകളുടെ അപ്പൻ അന്തോണിയുടെ പിതാവ് തോമാകുട്ടി ദാനമായി നൽകിയ പറമ്പിലാണ് ഇടവകപ്പള്ളി കെട്ടിപ്പൊക്കിയിരുന്നത്. തോമാകുട്ടിയുടെ ആത്മാവിനെ കാറ്റെടുത്ത ശേഷം ഒരു പ്രഭാതത്തിൽ പള്ളിമണികൾ മുഴങ്ങുമ്പോഴായിരുന്നു ഇരട്ടകളുടെ വരവറിയിച്ച് അന്തോണിയുടെ ഭാര്യ ഫിലോമിനക്ക് വേദന കലശലായത്.

അന്തോണിയുടെ കുടുംബവീടും ഇടവക പള്ളിയും ഒരേ പറമ്പിന്റെ രണ്ടറ്റങ്ങളിലായിരുന്നു. തെങ്ങിനും കവുങ്ങിനും കട നനയ്ക്കുന്ന ചെറുചാലുകൾക്കിടയിലെ ഒറ്റയടി പാതയിലൂടെ നടന്നുമാത്രമാണ് ആദ്യമൊക്കെ വിശ്വാസികൾ പള്ളിയിൽ എത്തിയിരുന്നത്. മരങ്ങൾ മുറിച്ച്, ചാലുകൾ നികത്തി, ഉടച്ച കരിങ്കൽ കഷണങ്ങൾ ഇടിച്ചുറപ്പിച്ച്, പിന്നെ പള്ളിയിലേക്ക് റോഡുണ്ടായി. അതോടൊപ്പം പള്ളിക്ക് ചുറ്റുമതിലും കിട്ടി. തെങ്ങും കവുങ്ങും കട നനഞ്ഞ് വളർന്നിരുന്നത് ഇരട്ടകൾ കണ്ടിട്ടില്ല. ഉണങ്ങി മെലിഞ്ഞ മൺവരമ്പുകൾക്കിടയിലെ ഒറ്റയടിപ്പാത കടന്ന് പള്ളിമുറ്റം കളിസ്ഥലമാക്കിയ ബാല്യമായിരുന്നു അവരുടേത്.

മതിൽക്കെട്ടി പള്ളിക്ക് അതിരിട്ട ശേഷം, പള്ളിമുറ്റത്ത് ഓടിക്കളിച്ചു വളർന്ന വെറോനിക്കും ലിസക്കും അടക്കവും ഒതുക്കവും കൈവന്നു. പള്ളിമണികളുടെ കിലുക്കവും, മാറിമാറി വന്ന വികാരിമാരുടം 'അന്നാ പെസഹാ തിരുനാളിൽ' ഗാനത്തിന്റെ സ്വരവ്യത്യാസങ്ങളും തടയുവാൻ പക്ഷെ, മതിലിന് ആകുമായിരുന്നില്ല. ജനിച്ച നാൾ മുതൽ ഇരുവരും കേൾക്കുമായിരുന്ന, കുർബാന കൂദാശയിലെ സ്തുതിഗീതങ്ങൾ അവർക്ക് അമ്മയുടെ തുന്നൽ യന്ത്രത്തിന്റെ ചവിട്ടുനർത്തനവും സ്കൂളിലേക്കുള്ള ഹോംവർക്കിന്റെ വിരസ ആവർത്തനവും കണ്ണെഴുതാനും പൊട്ടുകുത്താനുമുള്ള ആവേശത്തിന്റെ സഹനവുമായിരുന്നു.

അന്തോണിയും ഫിലോമിനയും അധ്യാപകരാണ്. അന്തോണി പള്ളി സ്കൂളിലും ഫിലോമിന കോൺവെന്റ് സ്കൂളിലും. അധ്യാപക ദമ്പതികളുടെ ശിക്ഷണം വെറോനിയേയും ലിസയേയും അരുതുകളുടെ പാഠങ്ങൾ ഏറെ പഠിപ്പിച്ചിരുന്നു. കഴുത്തിലെ കറുത്ത ചരടിൽ ഉണ്ണിയേശുവുണ്ടെന്നും ശരീരശുദ്ധിയും മനഃശുദ്ധിയും പാലിക്കേണ്ടതുണ്ടെന്നും ആദ്യ കുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന മക്കളെ ദമ്പതികൾ തുടരെ ഓർമ്മിപ്പിക്കുമായിരുന്നു. പ്രലോഭനങ്ങളുടെ കാണാമരത്തിൽ നിന്നും സാത്താൻ പറിച്ചു നീട്ടുന്ന നിഗളിപ്പിന്റെ പഴങ്ങൾ തിരിച്ചറിയുന്നതിനും തിരസ്കരിക്കുന്നതിനും അവരെ വേദപാഠം പഠിപ്പിച്ച സിസ്റ്റർ തെരേസ് പരിശീലിപ്പിച്ചിരുന്നു.

കണ്ണെഴുതി ഒരുങ്ങാനും പൊട്ടുകുത്തി ചിരിക്കാനും മോഹിച്ചപ്പോഴൊക്കെയും, ചമ്മട്ടിയാൽ സ്വയം പ്രഹരിച്ച് പ്രലോഭനങ്ങളെ അതിജീവിച്ച വിശുദ്ധരുടെ ചരിതങ്ങൾ അവരോർക്കുകയും പരസ്പരം സാന്ത്വനിപ്പിക്കുകയും ചെയ്തു. നന നിലച്ചു വരണ്ട



തേക്കുചാലുകളിൽ ഉറപൊട്ടുന്ന ഇച്ഛകൾ തടഞ്ഞ്, കരുണയുടേയും പരസ്നേഹത്തിന്റെയും സഹനത്തിന്റേയും ബാലപാഠങ്ങൾ അഭ്യസിക്കുവാൻ സിസ്റ്റർ തെരേസ് അവർക്ക് തുണ നൽകിയിരുന്നു.

പത്താംതരം പരീക്ഷ കഴിഞ്ഞ് സ്കൂളിൽ നിന്നും പിരിയാൻ നേരത്ത് സിസ്റ്റർ തെരേസ് ഇരുവർക്കും, സുകൃത ജപങ്ങൾ അച്ചടിച്ച ലാമിനേറ്റ് ചെയ്ത കട്ടിച്ചട്ട നൽകിയിരുന്നു. സമയം കണ്ടെത്തി സുകൃത ജപം ചൊല്ലി, പയറുമണികൾ കുപ്പി ഗ്ലാസിൽ

ഇട്ടുനിറക്കണമെന്നും സിസ്റ്റർ അവരെ ഉപദേശിച്ചിരുന്നു.

രണ്ടു പേരും മത്സരിച്ചായിരുന്നു സുകൃതജപം നിശബ്ദം ചൊല്ലിക്കൊണ്ടിരുന്നത്. ഒന്നു കഴിയുമ്പോൾ കുപ്പി ഗ്ലാസിൽ ഒരു പയറുമണി എടുത്തിടും. ആദ്യം നിറയുന്നത് ആരുടെ കുപ്പി ഗ്ലാസാകും എന്ന മത്സരമായിരുന്നു സഹോദരിമാരുടേത്.

അവരുടെ സുകൃത ചോദനകളുടെ കാറ്റെടുത്ത നറുമണമേറ്റിട്ടാകാം, ദേശത്ത് ആയിടെ സ്ഥാപിതമായ വിശുദ്ധ പാതയിലെ സഹോദരിമാരുടെ മഠത്തിൽ നിന്നും രണ്ട് കന്യാസ്ത്രീകൾ അന്തോണിയുടെ വീട്ടിൽ ചെന്നു. ജീവിത വിജയത്തെ സംബന്ധിച്ച നവീകരണ ധ്യാനവും മോട്ടിവേഷൻ ക്ളാസുകളും മഠത്തിൽ തുടങ്ങുന്നുണ്ടെന്നും മക്കളെ അയക്കണമെന്നുമായിരുന്നു അവരുടെ ആവശ്യം.

സുകൃത സൗഹൃദങ്ങളുടെ തേനൊലിപ്പ് സഹോദരിമാരെ ആകൃഷ്ടരാക്കി. താൽപ്പര്യങ്ങളുടെ കേശഭാരം സമ്മതത്താൽ പിന്നിച്ചുറ്റി, കൗതുകത്തിന്റെ പിച്ചകം തിരുകിവെച്ച് സഹോദരിമാർ മഠത്തിലെ സന്ദർശകരായി. അവരുടെ ഒരുക്കങ്ങൾ അങ്ങനെയായിരുന്നു. അലങ്കാരങ്ങൾ പലതും വെളിപ്പെടുമായിരുന്നില്ല.

കണങ്കാല് മൂടുന്ന പാവാടയും കൈമുട്ടിറങ്ങുന്ന കട്ടിത്തുണിയുടെ മേൽക്കുപ്പായവുമായിരുന്നു ഇരട്ടകളുടെ ഇഷ്ടവേഷം. മെഴുക്കിട്ടു കുളിച്ചു തോർത്തി രണ്ടായി പിന്നിയ തലമുടിച്ചുറ്റ് മുന്നിലേക്കിടരുതെന്ന് അവർ പഠിച്ചിട്ടുണ്ട്. ചോപ്പു തേക്കാതെ തന്നെ ചുവന്നു പോയ ചുണ്ടുകൾ തുറക്കാതെ ചിരിക്കാനും സഹോദരിമാർ അഭ്യസിച്ചിരുന്നു. അവരെ മാതൃകയാക്കണമെന്ന പ്രബോധനങ്ങൾ, മോട്ടിവേഷൻ ക്ളാസിലെ പതിവു പരിപാടിയായി.

ദൈവവിളി സ്വയം തിരിച്ചറിയുന്നതിന്, ക്യാമ്പിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും ചില ചോദ്യങ്ങൾ ക്യാമ്പ് ഡയറക്ടർ നൽകിയിരുന്നു. ചോദ്യങ്ങൾക്കെല്ലാം പോസിറ്റീവ് ഉത്തരങ്ങൾ എഴുതി നൽകിയത് വെറോനിയും ലിസയും മാത്രമാണത്രേ! രണ്ടു മാലാഖമാരെ ഭൂമിക്കു ദാനമായി നൽകിയ ദൈവത്തെ സ്തുതിപ്പാനും ക്യാമ്പ് ഡയറക്ടർ മറന്നില്ല.

ഇതൊന്നുമറിയാതെ അടുക്കള തോട്ടത്തിലേക്ക് പുതിയ അതിഥികളെ സ്വീകരിച്ചും നനച്ചും അവധിക്കാലത്തിന്റെ മുഷിപ്പ് അകറ്റുകയായിരുന്നു അന്തോണിയും ഫിലോമിനയും. അപ്പൻ ഉഴുതിട്ടു പോയ മണ്ണിൽ കുറച്ചിടത്ത് ആണ്ടവധിയായാൽ അന്തോണി നനച്ച് വിത്തിടുമായിരുന്നു. അടുക്കള തോട്ടത്തിൽ നിന്നും അങ്ങനെ എന്നും എന്തെങ്കിലുമൊക്കെ കായ്ചു കിട്ടും.

ദൈവവിളി ക്യാമ്പിന്റെ അവസാന നാൾ അത്താഴത്തിനിരിക്കുമ്പോൾ, ലിസയാണ് അപ്പന്റേയും അമ്മയുടേയും കാതുകളിലേക്ക് ഒന്നാമത്തെ കതിന പൊട്ടിച്ചത്.

"എനിക്ക് ദൈവവിളി ഉണ്ടപ്പാ.. കന്യാസ്ത്രീ ആകാനാ എനിക്കിഷ്ടം."

കേട്ടതിന്റെ വഴുക്കലുള്ള ചെറു മരത്തിൽ അള്ളിക്കയറുവാൻ ദമ്പതികൾ ശ്രമിക്കവേ, വെറോനിയുടെ രണ്ടാം കതിന പൊട്ടി.

"എനിക്കും ദൈവവിളി ഉണ്ടപ്പാ.. ഇവളേക്കാൾ ഒരു വിളി കൂടുതലുണ്ട് എനിക്ക്! കന്യാസ്ത്രീ ആകാൻ തന്ന്യാ എനിക്കും ഇഷ്ടം."

എന്താണ് സംഭവിക്കുന്നതെന്ന് ദമ്പതികൾക്ക് പെട്ടെന്ന് മനസിലായില്ല. ചോറുരുള അപ്പന്റെ കയ്യിലും അമ്മയുടെ വായിലും അങ്ങനെയിരുന്നു. ഉത്തരം നൽകാനാകാതെ അന്തോണി, ചോറുരുള കയ്യിൽ തന്നെ യരച്ചു.

സുകൃത ജപത്തിന്റെ പയറുമണികൾ കുപ്പി ഗ്ലാസുകളിൽ വീണുകൊണ്ടിരുന്ന രാത്രിയുടെ ഉണക്കപ്പായയിൽ കൂട്ടിയിട്ട അമ്പരപ്പിന്റെ വിയർപ്പകറ്റാൻ കഴിയാതെ ദമ്പതികൾ കൈകൾ തമ്മിലൊട്ടിച്ചു. അവൾ കരയുകയാകുമോ എന്ന് അയാളും പുരുഷ ഹൃദയം നിലയ്ക്കുവാൻ ഇതൊക്കെ മതിയാകുമെന്ന വേവലാതിയിൽ അവളും കൈകൾ വിടർത്തുവാൻ ഭയന്നു.

രാവിലെ ആറിനുള്ള കുർബ്ബാനക്ക് പിറ്റേന്നവർ പോയില്ല. വെറോനിയേയും ലിസയേയും പറഞ്ഞു വിട്ട്, പുറകെ പള്ളിയിൽ പോകുന്ന ശീലം അന്നവർ ഓർത്തില്ല. കുർബാനക്കൊരുക്കമായി പള്ളി മണി ഒച്ചയിട്ടതും വികാരിയുടെ അന്നാ പെസഹാ തിരുനാളിൽ പാട്ടിന്റെ കരിങ്കല്ലുരസുന്നതും വീടിനകത്ത് മൂളക്കമാകുന്നത് അവരെ ഭയപ്പെടുത്തി.

“മക്കള് പോവ്വോ?..” എന്ന ഫിലോമിനയുടെ കനച്ച അന്വേഷണത്തിന്, എന്താണുത്തരം എന്നയാൾ കണ്ടെത്തിയില്ല.

വെള്ളയിൽ ശിരസു പൊതിഞ്ഞ്, മുട്ടിറങ്ങുന്ന ശുഭയുടുപ്പിട്ട രണ്ട് കന്യാസ്ത്രീകളുടെ കൈയിൽ പിടിച്ചാണ് കുർബാന കഴിഞ്ഞു വെറോനിയും ലിസയും അന്ന് വീട്ടിൽ വന്നത്. രണ്ടു മാലാഖ കുട്ടികൾക്ക് ജന്മം നൽകുക വഴി നിത്യതയുടെ സ്വർഗമലർവാടി സ്വന്തമാക്കിയവരാണ് അന്തോണിയും ഫിലോമിനയുമെന്ന് കന്യാസ്ത്രീകൾ ദമ്പതികളെ അനുമോദിച്ചു. കൈയിൽ കരുതിയിരുന്ന ലഡുപെട്ടി അവർക്കു സമ്മാനിച്ചു. സഹോദരിമാരെ ആലിംഗനം ചെയ്തു മൂർധാവിൽ ചുംബിച്ച് തങ്ങളുടെ കൂട്ടത്തിലേക്ക് അവർ സ്വാഗതം ചെയ്തു.

കൈവിരലിൽ ചുറ്റിയ നൂലറ്റത്ത് വെറോനിയുടേയും ലിസയുടേയും കുതൂഹലങ്ങൾ ഇനി കുടുങ്ങി പറന്നേക്കില്ല എന്ന യാഥാർത്ഥ്യം കണ്ട പകപ്പ് ദമ്പതികളിൽ നിന്നൊഴിയും മുൻപേ, ശിരസിൽ കറുത്ത തുണിയിട്ട് പാദറ്റം വരെയെത്തുന്ന ഇളംമഞ്ഞയുടുപ്പിട്ട മറ്റു രണ്ട് കന്യാസ്ത്രീകൾ അവരുടെ വീട്ടിലെത്തി.

അന്തോണിയുടേയും ഫിലോമിനയുടേയും നിശ്ചയദാർഢ്യമാണത്രേ അവരെ അത്ഭുതപ്പെടുത്തുന്നത്. ആകെയുള്ള രണ്ടു മക്കളെ ദൈവശുശ്രൂഷക്കയക്കാൻ ഉറച്ച ദമ്പതികൾ സഭാവിശ്വാസികൾക്ക് മാതൃകയാണെന്നും മാറിയ കാലത്തിന്റെ ദുഷ്പ്രേരണകൾക്കടിമപ്പെട്ട യുവസമൂഹത്തിനു നവബോധമുണ്ടാകുവാൻ ഈ ദൃഢനിശ്ചയം വഴിയൊരുക്കുമെന്നും കന്യാസ്ത്രീകൾ പറഞ്ഞു.

അതെന്താണെന്ന് മനസ്സിലാകാതെ ഫിലോമിന അന്തോണിയെ നോക്കി. പള്ളി മുറ്റത്തെ തെങ്ങിൻ മറവിൽ ഒളിച്ചു കളിക്കുമായിരുന്ന മക്കളുടെ ബാല്യമോർത്തും നിഷ്കളങ്ക കുസൃതികളോർത്തും പുഞ്ചിരിച്ചു പോയ അന്തോണിയെ കണ്ട് അവൾ വിസ്മയിച്ചു. അന്തോണിയുടെ പ്രസന്നത, ഏറ്റവും ഇഷ്ടപ്പെട്ടതിനെ തമ്പുരാനു സമർപ്പിച്ച അബ്രാഹം പിതാവിന്റെ വിശ്വാസ തീവ്രതക്ക് സമമാണെന്ന് കന്യാസ്ത്രീകൾ സ്തുതിച്ചു പറഞ്ഞു. രണ്ടു പേരെ ഒരിടത്തേക്ക് അയക്കരുതെന്നും ഒരാളെ തങ്ങളുടെ സമൂഹത്തിലേക്ക് തന്നേക്കണമെന്നും ഒടുവിലവർ ആവശ്യമുന്നയിച്ചു.

അങ്ങനെ വെളുത്ത ശിരോവസ്ത്രക്കാരുടെ സമൂഹത്തിലേക്ക് വെറോനിയും കറുത്ത ശിരോവസ്ത്രക്കാരുടെ സമൂഹത്തിലേക്ക് ലിസയും ചേക്കേറി. താലിക്കെട്ടു കഴിഞ്ഞു ഭർതൃഭവനത്തിലെത്തിയ ആദ്യ നാളിലെന്ന പോലെ വീടിനകം ഫിലോമിനക്ക് പിന്നെ അപരിചിതമായി തുടങ്ങി. വർഷങ്ങൾക്കു ശേഷം അന്നാദ്യമായി തെങ്ങിൻ ചുവടു തുറക്കുവാൻ അന്തോണി മാഷ് കൈക്കോട്ടെടുത്തു.

അവരാഗ്രഹിച്ചതുപോലെ അധികം വൈകാതെ തന്നെ സ്കൂളവധിയും തീർന്നുകിട്ടി. സ്കൂളിലെ കുട്ടി ബഹളങ്ങളിൽ പിന്നെ, അന്തോണിയുടെയും ഫിലോമിനയുടേയും പകലുകൾ കോപ്പിയെഴുതികൂട്ടി. രാത്രി തുറന്നു വെച്ച മൂങ്ങ കണ്ണുകൾ പക്ഷേ, അവർക്ക് ഉറക്കത്തിന്റെ വിടുതലുകൾ നൽകിയതേയില്ല.

“നമുക്ക് ഇനിയൊരു ഉണ്ണി പിറക്കുമോ?” എന്ന് പുലർക്കാലത്തെപ്പോഴോ ഒരു നാൾ അന്തോണി ചോദിച്ചത് അവളെ ഉറക്കെ കരയിച്ചതിൽ പിന്നെ, രാത്രികളിൽ അവർ സംസാരവും അറുത്തു.

മഠങ്ങളിലെ വ്രതനിഷ്ഠകളിൽ കഴിഞ്ഞ വെറോനിയേയും ലിസയേയും അനുവദിക്കപ്പെട്ട ദിവസങ്ങളിൽ അവർ മുടങ്ങാതെ സന്ദർശിച്ചു പോന്നു. മധുര പലഹാരങ്ങളും പഴങ്ങളും നിറച്ച സഞ്ചികൾ കൈമാറുവാൻ ഒരിക്കൽ പോലും അവർ മറന്നില്ല.

നൊവിഷ്യേറ്റ് എന്ന അവസാന ഘട്ട വ്രതപരിശീലനത്തിനൊടുവിൽ വെറോനിയുടെ വ്രതവാഗ്ദാനമാണ് ആദ്യം വന്നെത്തിയത്. കറുത്ത ശിരോവസ്ത്ര സമൂഹത്തിൽ ഒരാറുമാസം കൂടുതൽ പരിശീലിക്കേണ്ടതുണ്ടെന്ന് ലിസ അമ്മയോടു ഫോണിൽ പറഞ്ഞിരുന്നു.

വ്രതവാഗ്ദാന ചടങ്ങിന്റെ ആലോചനകൾക്ക് അന്തോണിയും ഫിലോമിനയും വെറോനിയുടെ മഠത്തിൽ ചെന്നത് ഉച്ച കുറുകിത്തുടങ്ങിയ നേരത്തായിരുന്നു. വലിയ നോമ്പിന്റെ പീഢാനുഭവ ചിന്തകൾ രാവിലെ പള്ളിയിൽ കേട്ട ശേഷമാണ് ഇരുവരും ബസ് പിടിച്ചത്.

പിതൃമേനിയുമായി ചെല്ലുവാനാണ് മഠത്തിൽ നിന്നും അറിയിച്ചിരുന്നത്. അതെന്താണെന്ന് പിന്നെ വെറോനി അമ്മയോടു ഫോണിൽ വിശദീകരിച്ചിരുന്നു. പിതാവിന്റെ സമ്പാദ്യത്തിൽ നിന്നും ഒരു വിഹിതം, കന്യാസ്ത്രീ പട്ടമേൽക്കുന്ന മകൾക്കു വേണ്ടി മഠാധികാരികളെ ഏൽപ്പിക്കുന്നതാണ് പിതൃമേനി.

മണവാട്ടി ചമയങ്ങളോടെയാണ് ഒരുവൾ കന്യാസ്ത്രീ പട്ടമേൽക്കുക. ക്രിസ്തുവിന്റെ വധുവാണത്രേ കന്യാസ്ത്രീ! ദൈവതുല്യനും നിത്യബ്രഹ്മചാരിയുമായവന് യുവതികളെ വിവാഹം ചെയ്തു കൊടുക്കുന്നുവെന്ന സങ്കൽപ്പത്തിന് സ്കൂളിലെ മാഷന്മാർ പലരും എതിരാണ്. യുക്തിഹീനങ്ങളായ ഇത്തരം ആചാരങ്ങൾ തിരുത്തേണ്ടതുണ്ടെന്ന് അവർ സൗഹൃദ ചർച്ചകളിൽ പറയുമായിരുന്നു.

കാഠിന്യമാർന്ന ലോഹമറക്കൂട്ടിലെ സഭാരീതികളോടു എന്നും അനുസരണയെന്ന മനോഗുണം നിലനിറുത്തുവാനാണ് അന്തോണി മാഷ് ഉത്സാഹിച്ചിട്ടുള്ളത്. വിവാഹം പോലെ വെറോനിയുടേയും ലിസയുടേയും ഉടുപ്പു സ്വീകരണം ആഘോഷിക്കണമെന്നും അയാൾ ആഗ്രഹിച്ചിരുന്നു.

നോമ്പാചരണവും ഈസ്റ്റർ ആഘോഷവും കഴിഞ്ഞു വരുന്ന ഒരു തീയതിയിൽ വ്രതവാഗ്ദാനം നിശ്ചയിച്ചിട്ടുണ്ടെന്ന് പ്രൊവിൻഷ്യൽ സിസ്റ്റർ അവരെ അറിയിച്ചു.

മക്കൾ ഇനി തങ്ങൾക്കുള്ളവരല്ല എന്ന ഉൾബോധത്തിന്റെ കലക്കു വെള്ളത്തിൽ അന്തോണിയന്ന് ഏറെനേരം മുങ്ങിക്കിടന്നു. കൃഷിയിടത്തിലെ നീർച്ചാല് തിരിച്ചു വിടുന്നതിനിറങ്ങിയ മാഷ് സമയമേറെ കഴിഞ്ഞിട്ടും തിരിച്ച് വീട്ടിൽ കയറുന്നില്ലല്ലോ എന്ന വേവലാതി വെടിഞ്ഞ്, ഫിലോമിന അകത്തെവിടെയോ വെറുതെയിരുന്നു. ആരെയും ഒന്നിനെയും കാക്കാതെ ആ ദിവസവും അങ്ങനെ വന്നുചേർന്നു.

ചടങ്ങിനേറെ മുമ്പുതന്നെ ഇരുവരും മഠത്തിലെത്തി മകളെ കണ്ടു. പ്രകാശമിറ്റുന്ന കണ്ണുകളാൽ മകൾ ഇരുവരെയും ഒന്നുഴിഞ്ഞു. പിന്നെയവൾ അമ്മയുടെ തോളിൽ ചാഞ്ഞു. അപ്പന്റെ കയ്യിൽ കുട്ടിക്കാലത്തെ കുസൃതി ഓർമ്മിപ്പിക്കും വിധം നുള്ളി നോവിച്ചു. നൊന്തുവെന്ന് കരഞ്ഞഭിനയിക്കാൻ, പക്ഷേ അപ്പോഴയാൾക്കായില്ല. സാരമില്ലെന്നും എന്തിനാണ് സങ്കടമെന്നും അവളുടെ കൈവിരലുകൾ അപ്പനെ തലോടിയറിയിച്ചു. ഒരു മുത്തം ചാർത്തി അമ്മയെ അവൾ സാന്ത്വനിപ്പിച്ചു.

ഒരു വിശേഷം കൂടിയുണ്ടെന്ന് അവൾ പിന്നെ പറഞ്ഞു. ഉടുപ്പ് മാറ്റം കഴിഞ്ഞാൽ കുറച്ചു ദിവസം മാത്രമാകും നാട്ടിൽ ഉണ്ടാവുക. വൈകാതെ ജർമ്മനിക്ക് പോകും. അവിടെ ജനറലേറ്റിലാണ് ആദ്യ അസൈൻമെന്റ്.

വിശ്വാസത്തിന്റെ മതിലിൽ തട്ടി നിയന്ത്രണം വിട്ട വാഹനത്തിന്റെ ഡ്രൈവർ സീറ്റിലെ ഇരിപ്പ് നിഷ്ക്രിയമാണെന്ന് അന്തോണി അന്നേരം തിരിച്ചറിഞ്ഞു. രാത്രികളിൽ ശീലമാക്കിയതുപോലെ ഫിലോമിന തന്റെ കയ്യിൽ മുറുകെ പിടിച്ചതും അയാൾ അറിഞ്ഞില്ലെന്ന് നടിച്ചു.

ഇനി തനിക്കൊന്നും ചെയ്യാനില്ല. തോളിലിട്ടും നെഞ്ചത്തുറക്കിയും കൂടെ നടത്തിയും വളർത്തിയ മകൾ ഇനിയില്ല. അവളേറെ മാറിക്കഴിഞ്ഞു. ഇരുത്തം വന്നവളെപ്പോലെ ചെറിയ കാര്യങ്ങൾ പോലും വിശദീകരിച്ച് സമർത്ഥിക്കാൻ പ്രാപ്തയായിരിക്കുന്നു. അപ്പനുമമ്മയും എപ്പോഴും തന്റെ മനസ്സിലുണ്ടാവുമെന്നും, അമ്മയില്ലാത്തവരും അപ്പനില്ലാത്തവരുമായ അനേകം കുഞ്ഞുങ്ങൾക്ക് രക്ഷിതാക്കളാകുവാൻ ഇരുവർക്കും കൃപ ലഭിക്കുമെന്നും വെറോനി അവരോട് പറഞ്ഞു. മകളുടെ വാക്ചാതുരിയിൽ വിസ്മയിച്ചിരിക്കുകയാണ് ഫിലോമിന. അയാളാകട്ടെ മക്കളുടെ കുട്ടിക്കാലം തിരികെ പിടിക്കാൻ ശ്രമിക്കുകയായിരുന്നു.

അന്നു രാത്രി കിടക്കയിൽ പുണർന്നു കിടന്നപ്പോൾ ഫിലോമിന അയാളോടു ചോദിച്ചു:


'നമുക്ക് ഇനീം കുഞ്ഞുണ്ടാവും ല്ലേ... മാഷേ...'

തുറന്നിട്ട ജനലും കടന്നെത്തുന്ന നേർത്ത നിലാവെളിച്ചത്തിൽ അയാളവളെ വിടർന്നൊന്നു നോക്കി കണ്ടു. പിന്നെ ചോദിച്ചു:

'അങ്ങനെ വെറോനി നിന്നോട് പറഞ്ഞോ!'

ഏറെ നാൾക്കുശേഷം അന്തോണി മാഷും ഫിലോമിന ടീച്ചറും പിന്നെ മനസറിഞ്ഞു ചിരിച്ചു.

●



# ചിറകുകൾ ഉയിരിടുന്നത്



മനീഷ

ഉറങ്ങുമ്പോൾ ചിറകുകളില്ലാ-
യിരുന്നെനിക്ക്.
എന്റെ വല്മീകത്തിന്റെ
സ്വാസ്ഥ്യത്തിൽ,
മഞ്ഞുവീഴുന്ന പുലരി
കിനാവുകണ്ടുറങ്ങുമ്പോൾ
ഈ കൂട് ഇനി നിന്റേതല്ലെന്ന്
അർദ്ധരാത്രി പൊട്ടിവീണ മിസൈൽ!

എന്റെ നെഞ്ചിന്റെ ചൂടിൽ
ഭയമില്ലാതുറങ്ങിയ കുഞ്ഞുണർന്നു,
കരച്ചിലായി.
ഒപ്പമതായിരമ്പുന്നു
കണ്ണീർസാഗരം ചുറ്റിലും.
അതിരുകാക്കാ-
നിറങ്ങണമത്രേ ധീരന്മാർ
കൂടിനെ കുറിച്ചോർക്കരുതെന്നു
വീരനിയമം.

ഈ മണ്ണ്, ഈ പുഴ,
ഈ കാട്, ഈ നാട്
നിങ്ങളുടേതാണെന്നോതി
മണ്ണായ പൂർവികർ.
മറക്കരുതല്ലോ വേരുകൾ.

ചുറ്റിലും ഒച്ച നേർക്കുമ്പോഴറിയുന്നു,
അടയിരുന്ന കൂടും ഇനി സ്വന്തമാകില്ലെന്ന്.
ചുടുചുംബനങ്ങളു-
മായവൻ പൊതിയില്ലെന്ന്.
തടുക്കാനാകാതെ
തകരുന്നു മാനസം.
മാറിൽ മയങ്ങുന്ന കുഞ്ഞുമുഖം
കാണുമ്പോഴറിയാതെ
ഉയിരിടുന്നു ചിറകുകൾ.
നഷ്ടപ്പെടുത്താൻ വയ്യാ
ഈ കുഞ്ഞുപുഞ്ചിരി കൂടി.

സ്നേഹക്കൂടൊരുക്കി പുലരാൻ,
തർക്കമില്ലാത്തൊരു
ചില്ല തരുമോ,
വന്മരങ്ങളേതെങ്കിലും?

പലായന വഴിയിലേക്ക് പറന്നുയർന്നു
ചുമലിൽ കുരുന്നുമായി.
എത്ര കുഴഞ്ഞാലും, രാവെന്നാലും
പറക്കുക തന്നെ.
താഴ്ന്നിരിക്കാൻ ചില്ലയൊന്നു കിട്ടും വരെ.

വെടിയുണ്ടകളിൽ തട്ടി
അമ്മച്ചിറകടർന്നു വീഴുമ്പോൾ
അതിജീവന പ്രകാശമിരുളുന്നു.

സൂക്ഷിച്ചു നോക്കൂ ലോകമേ,
നെറുകയിൽ തറച്ച വെടിയുണ്ടയോടെ
മണലിൽ നിണമണിഞ്ഞ പൈതൽ.
ഇനിയും മിടിപ്പു നിലയ്ക്കാത്തയുടലിൽ
മുളയ്ക്കുന്ന
ഇളം ചിറകുകൾ.

# പേറ്



ഉരുട്ടിയാൽ പറന്നിറങ്ങുകയും
പരത്തിയാൽ ഉരുണ്ടിറങ്ങുകയും ചെയ്യുന്ന
താന്തോന്നികളാണ് എന്റെ കവിതകൾ...
ജനിച്ച നിമിഷം മുതൽ വാചാലമാകുന്ന
ഇഴയടുപ്പമില്ലാത്ത വലക്കണ്ണികൾ,
ഒറ്റത്തഴപ്പായയിൽ
ഒരു പുതപ്പിന്നടിയിൽ
പിടിച്ചു കിടത്താനാഞ്ഞാൽ
കുതറിത്തെറിക്കുന്ന
തല്ലുകൊള്ളികൾ

ഇന്നലെ രണ്ടെണ്ണത്തിനെ എറിഞ്ഞിട്ടു,
ഓർക്കാപ്പുറത്ത്
അടിയേറ്റതു കൊണ്ടാവാം
അനുസരണയോടെ വീണു കിടന്നു.
നുറുക്കുവിദ്യകൾ ഒന്നും വേണ്ടിവന്നില്ല.
കൊഴിഞ്ഞു വീണ പച്ചിലകൾ പോലെ
നിലം പറ്റിക്കിടന്നു.
തൃപ്തിയോടെ അവയെ നോക്കി
പാൽ ചുരത്തി
മറുപിള്ളയെ പുറത്തേക്ക്
ഉന്തിയിട്ട്
പുറം തിരിഞ്ഞു കിടന്നു.



ഡോ രമ്യാ രാജ് ആർ

കവിത

# സസ്യം



ബി ജോസുകുട്ടി



ജീവിതത്തിന്റെ ബോട്ടാണിക്കൽ നാമം
സസ്യം എന്നാകുമ്പോൾ പ്രകാശ സംശ്ലേഷണത്തിന്റെ
രസതന്ത്രം ഹരിത പത്രങ്ങളുടെ സൂത്രവാക്യമാകും.
വേറിട്ടു നിൽക്കുന്ന വേരുകളും അച്ചുതണ്ടിൽ
ചുറ്റിവളരുന്ന തണ്ടും ജലപ്പച്ചയിൽ മുങ്ങിയ
ഇലജാലവും വസന്ത പരാഗണത്തിന്റെ പുഷ്പജാലവും
കാലം നോറ്റ കായ്ഫലവും സസ്യാസ്തിത്വത്തിന്റെ
ആത്മാവിനെ പ്രകാശിപ്പിക്കുന്നു.

സസ്യത്തിന്റെ രഹസ്യക്രിയകൾ ചരിത്രലിഖിതങ്ങളാകു
മ്പോൾ ജീവിതത്തിൽ വേരുകളാഴ്ത്തി പുത്തൻ
സ്പീഷിസിന്റെ ജനിതക ജാതകമെഴുതി
സയൻസ് ജേർണലിൽ
പുതിയ അധ്യായമാകും.
മണ്ണിലും വിണ്ണിലും വേരുകൾ തേരോട്ടം നടത്തുമ്പോൾ
ശാഖകൾ പടരുന്നത് സൗരയൂഥ പാതയിലാകും.

ന്യൂക്ലിയസിന്റെ നൂതനവഴികളിൽ
രഹസ്യ രാസകേളിയൊരുങ്ങും.
സസ്യം കേവലമൊരു ജാലമല്ല.
ജനിതക വിത്തുകളുടെ വേദനയുള്ള വേദാന്തമാണ്.
ഭ്രൂണതയുടെ കോശങ്ങൾ
നസ്യം ചെയ്ത് ഉണർത്തുന്ന
ജൈവ സസ്യമാണ്.





കൃഷ്ണകുമാർ മാപ്രാണം

# വീട്ടിലേക്കുള്ള വഴി

ഏകാന്തമായ പാതയിലൂടെ
എന്റേതെന്ന് വിളിക്കാവുന്ന
ഒരു വീട്ടിലേക്ക് ഞാൻ നടന്നടുക്കുന്നു
ജീവിതത്തിന്റെ കഴിഞ്ഞുപോയ ദിനങ്ങൾ ഓരോ
ന്നായി ഞാനോർത്തെടുക്കുന്നു

എനിക്ക് സ്വപ്നങ്ങളുണ്ടായിരുന്നു
അസ്വസ്ഥതയുടെ ചോണനുറുമ്പുകളിറുക്കി വേ
ദനപ്പെടുത്തുന്ന
ഒരു വീടല്ല ഞാൻ കൊതിച്ചത്

കൂർത്തനഖങ്ങളാൽ എന്നെ കൊത്തികീറാൻ പാ
ഞ്ഞടുക്കുന്ന പരുന്തുകളെ ഞാൻ കണ്ടു
ഫണം വിടർത്തി നിൽക്കുന്ന
വിഷപാമ്പുകളെ കണ്ടു.
വഴിനിറയെ കള്ളിമുൾച്ചെടികൾ കണ്ടു
പൊള്ളും കനൽക്കട്ടകളുടെ
കൂമ്പാരം കണ്ടു
എന്റെ വീടിന്റെ വെളിച്ചം അങ്ങു ദൂരെയാകുന്നു.

എന്റെ ഹൃദയത്തിൽ
മധുരസ്വപ്നങ്ങളായിരുന്നു
സൂര്യവെളിച്ചവും ചന്ദ്രരശ്മിയും
എന്റെ സ്വപ്നത്തിലുണ്ടായിരുന്നു

മഞ്ഞും നിലാവും ഇഴനെയ്ത ആരാമത്തിൽ
പുഷ്പങ്ങളുടെ മൃദു സ്പർശമാണ്
കൊതിച്ചത്
വീട്ടിലേയ്ക്കുള്ള വഴിയിൽ
സുഗന്ധലേപനം തഴുകിയൊരു
കാറ്റിനെ പ്രതീക്ഷിച്ചു

സമാധാനത്തിന്റെ വാക്കുകൾ
മന്ത്രിക്കുന്ന ഒരു ലോകം
എപ്പോഴും ആഗ്രഹിച്ചു
വീടിനടുത്തേക്ക് നയിക്കുന്നത്
ഈ നനുത്ത ഓർമ്മകളായിരുന്നു

വീട്ടിനകത്തേക്ക് ക്ഷണിക്കുന്ന
പുഷ്പസുഗന്ധം ഞാൻ മോഹിച്ചു
രാത്രിയിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്ന
വാനിലേക്ക് മിഴിനട്ടുനിൽക്കുമ്പോൾ
ഒരു വളകിലുക്കം
ഒരു പാദസര കിലുക്കം
കാതോർത്തു
പൂനിലാമഴയിൽ
ആശ്വാസത്തിന്റെയും
സ്നേഹത്തിന്റെയും നനുത്തസ്പർശം, സമാധാ
നത്തിന്റെ ഒരിടം ഞാൻ കൊതിച്ചു

എന്റെ വീട് ഒരു ആശ്വാസതീരമെന്നായിരുന്നു
എന്റെ വിശ്വാസം
വീട്ടിലേക്കുള്ള വഴിയിൽ
അങ്ങനെയുള്ള സ്വപ്നം കണ്ടുനടന്നു.

എന്നാൽ എപ്പോഴും
എന്റെ വീട്ടിലേയ്ക്കുള്ള വഴിയിൽ
സ്വപ്നങ്ങൾ മരിച്ചു കിടന്നു
അഗാധമായ ഒരിരുണ്ടഗുഹയായിരുന്നു വീട്
വീട്ടിലേക്കുള്ള വഴിയിൽ
കുപ്പിച്ചീളുകളും പരുപരുത്ത കല്ലുകളും...
നടപ്പാതകൾ ദുർഘടം നിറഞ്ഞ് നിറഞ്ഞ്...



# അച്ഛൻ



T. M. പ്രിൻസ്.

ഉറങ്ങുമ്പോൾ
കൂടെവന്ന് കിടക്കും
തണുത്തവിരൽകൊണ്ട് നെറ്റിയിൽ തഴ്കും
ആദ്യമായി കാണുന്ന
കടിഞ്ഞൂൽ കുഞ്ഞിന്നോടെന്നപോലെ
കൗതുകത്തോടെ മുഖത്തേക്ക് നോക്കും.
അടരാൻവെമ്പിയൊരു ചിരി
ചുണ്ടത്തു തങ്ങി നില്ക്കും.

അറ്റം വളഞ്ഞു മുറുക്കാൻപത പറ്റിയ മീശയും
ചുവന്നു കലങ്ങിയ കണ്ണുകളും
എവിടെയെന്നു ആശ്ചര്യ പെടുമ്പോൾ
മൗനം ഭഞ്ചിച്ചു അച്ഛന്റെ വാക്കുകൾ കാതിലേക്ക് വീഴും
ചെറുപ്പത്തിൽ നിങ്ങളെയൊന്നും
ലളിക്കാനോ കൊഞ്ചിക്കാനോ കഴിഞ്ഞിട്ടില്ല
ജോലിയും പ്രാരാബ്ദങ്ങളുംഒഴിഞ്ഞിട്ട് വേണ്ടേ...!

കുറ്റബോധം കൊണ്ട് അച്ഛന്നപ്പോൾ
കരഞ്ഞുപോകുമോ എന്ന് തോന്നും...
കുറേ നേരം മൗനത്തിലാണ്ടിരിക്കും വീണ്ടും,
എന്തോ ഓർത്തെടുത്തത് പോലെ
പറഞ്ഞു തുടങ്ങും
പടിഞ്ഞാറ്റയിലെ പതിനഞ്ചുപറ കണ്ടം
തരിശ്ശിടാതെ വിത്തിറ ക്കിയാൽ
ഉണ്ണാനുള്ളത് കിട്ടില്ലേ...?
വടക്ക് പുറത്തു കാട് പിടിച്ചു കിടക്കുന്ന
സ്ഥലത്ത് പാവലും, പടവലവും, ചീരയും
കുത്തിയാൽ
കൂട്ടാനുള്ളത് കിട്ടില്ലേ...?
പിന്നാം പുറത്തെ തെങ്ങിന്റെ കടക്കൽ വെണ്ണീറും,
ചാണകവുമിട്ടു വെള്ളമൊഴിച്ചാൽ
അരക്കാനുള്ള തേങ്ങ കിട്ടില്ലേ...?
വഴിയരികിലെ പീടിക മുറി അടച്ചിടാതെ
ആർക്കെങ്കിലും വാടകക്ക് കൊടുത്താൽ
ചിതലും മാറാലയും പിടിച്ചു
നാശാകാതിരിക്കില്ലേ...?

ഇതൊക്കെ പറഞ്ഞു വീണ്ടും
ചിന്തകളിലേക്ക് പോകും, അച്ഛൻ..
എന്നിട്ട് ആരോടന്നില്ലാതെ പറയും
അവറ്റകളെ കൊണ്ടാണ് നിങ്ങളെ
പഠിപ്പിച്ചതും വലിയ നിലയിലാക്കിയതും...
ഇപ്പോൾ ഇതൊക്കെ
അന്യാധീനപ്പെട്ടു
പോകുന്നത് കാണുമ്പോൾ...?
അച്ഛൻ അർദ്ധോക്തിയിൽ നിർത്തും,

നഷ്ടബോധത്തിന്റെ നിഴൽ വീണ മുഖവുമായി
എഴുന്നേറ്റ് ഇരുട്ടിലേക്ക്നടന്നു മറയും...

ഞെട്ടി എഴുന്നേൽക്കുമ്പോൾ
മുന്നിൽ നിറഞ്ഞ കണ്ണുകളോടെ
അമ്മ നിൽക്കുന്നുണ്ടാവും...
കണ്ണടച്ച് പ്രാർത്ഥിച്ചു കിടന്നോളാൻ പറയും.
മുറി വിട്ട് പോകുമ്പോൾ
ആത്മഗതം പോലെ പറയും
അച്ഛനിപ്പോഴും ഇവിടൊക്കെ
അലഞ്ഞു തിരിഞ്ഞു നടക്കുന്നുണ്ട്
ആത്മാവിനു ശാന്തി ലഭിച്ചിട്ടുണ്ടാവില്ല..
ആ ജ്യോൽസ്യനെ കൊണ്ട് നിനക്കൊരു
ചരട് ജപിച്ചു കെട്ടിക്കണം.

ഉടലിൽ നിന്നും ഉറക്കത്തെ
ഊരിയെറിഞ്ഞു ഞാനപ്പോൾ
വെളിയിലെ ഇരുട്ടിലേക്ക് നോക്കി കിടക്കും
ശതകോടി നക്ഷത്രങ്ങളുണ്ടായിരുന്ന
ആകാശമപ്പോൾ
ശൂന്യമായിരിക്കും
അപ്പോൾ
മുറ്റത്തെ ഇലചാർത്തുകളിൽ
നിന്നൊരു പ്രകാശംമെല്ലേ
ആകാശം തേടി പോകും


# ഞാനും ഹൈറുന്നിയും



കയ്യുമ്മു കോട്ടപ്പടി

ഞാനെന്റെ
വരികളിൽ നിറയുമ്പോൾ
കുപ്പിവളക്കിലുക്കങ്ങൾ
നിഗൂഢതയിലുറഞ്ഞു -
വീശും.
        കാറ്റ്
നൃത്തച്ചുവടുകളിൽ
എന്റെ മൂടുപടമൊഴിഞ്ഞു -
വീഴ്ത്തും.
നിശ്ചലരാത്രികൾ
അനുരാഗ മഴയിൽ
ആർത്തു പെയ്യും.
ഇമ്പമാർന്ന ശ്രുതിയോടെ
ഒരു ഒറ്റക്കമ്പി വീണയിൽ
അപ്പോഴും
ഹൈറുന്നിസയുടെ
ഏതോ ഒരറബിഗാനം
ഉയർന്നു കേൾക്കും.
ഞാൻ
ഹൈറുന്നിസയായ് മാറും.

കവിതകളെ രാകിരാകി
പ്രണയത്തെ മൂർച്ചപ്പെടുത്തും.
നെഞ്ചിടിപ്പിൽ
ഉരുകിയൊലിക്കും.
അപ്പോൾ തീക്കടലിൽ നിന്നും അണയാത്ത
കനൽപ്പൂവായി
ഞാൻ വിടരും .
ഹൈറുന്നിസ ഇപ്പോൾ
ഇരമ്പുന്ന ആ കാശമാണ്
ഗർജ്ജിക്കുന്ന
തോക്കുകളാണ് ....
ഉപരോധങ്ങളുടെ
ആഴങ്ങളിലിപ്പോൾ
ഒരു വിത്ത് മുളക്കുന്നു.
ഒരു പാട്ടുമരമായി
അത് തേങ്ങുന്നു.
സമാധാനം ...
സമാധാനം ...



കവിത





അശ്വതി. വി. വി

# ചിരട്ടകൾ

തേങ്ങയുടച്ച്
ചെരവയെടുത്ത്
രണ്ടു തേങ്ങാമുറി ചെരകി
ശേഷം
രണ്ടു ചിരട്ടകളും
പുറത്തേയ്ക്കെറിഞ്ഞു

ചിരട്ടകളിൽ
ഒട്ടും കാഴ്ചയില്ലാത്തവൻ
തപ്പി തപ്പി നടന്ന്
കുഴിയിൽ വീഴാതെ
ഇറയത്തേക്ക് കയറി

മൂന്നു കണ്ണുള്ള ചിരട്ട
മുറ്റത്തോടി നടന്നു
കുട്ടികളതിൽ
മണ്ണപ്പം ചുട്ടു

അടുക്കളയിൽ
അരി തിളച്ചു തൂവുന്നു
അടുക്കള പുറത്തെത്തിയ
കണ്ണില്ലാ ചിരട്ടയെ
അമ്മ
അകത്തേയ്ക്കു വിളിച്ച്
അവന് കഞ്ഞി വിളമ്പി

മുക്കണ്ണൻ
ചിരട്ട മണ്ണു പുരണ്ട്
അകത്തേക്കെത്തി നോക്കി
എന്തും കൊടുത്താലും
കളയുന്നവന്
കഞ്ഞിയില്ലെന്ന്
അമ്മ പിറുപിറുത്തു

ഒരു കണ്ണെങ്കിലും
മറ്റവന്
കൊടുക്കാമായിരുന്നെന്ന്
മൂന്നുകണ്ണുള്ളവൻ
ചിന്തിച്ചു.

കവിത

# കൺ നിറയെ



നെഞ്ചെരിക്കുന്ന തീക്ഷ്ണഗന്ധം
മുറ്റും കനപ്പിക്കുന്ന പുക
മാലിന്യം പൊട്ടിയമർന്ന തീരം
കെട്ട ദുഷ്പ്രഭുത്വത്തിന്റെ
ചെന്നിനായകം പുരട്ടിയ മേടുകൾ
കോഴകൾ ചെന്നു ചേരുന്നയിടം
കൺചോരുന്നത് അറിയുന്നില്ല
പുതിയ ലോകത്തിൽ
ചെന്നിണം പുരട്ടിയ കാക്കകൾ
കഴുതക്കാാമം കരഞ്ഞു തീർക്കുന്നു.
എവിടെ കാലദർപ്പണം
കൺ നിറയെ കാണട്ടെ
കെട്ട കാലത്തിന്റെ ചൊരുക്കുകൾ
എവിടെ പുത്യ കാലത്തിന്റെ
കോമരങ്ങൾ തുള്ളും നിലക്കാവടികൾ
എല്ലാം കേട്ടു മറഞ്ഞതല്ല
അടച്ചുവച്ചു വാതിലുകളിൽ
പുകഞ്ഞു തുള്ളുന്നു ദാരുശില്പങ്ങൾ
കൺനിറയെ കാണട്ടെ
കാതുകൾ തുറന്ന് കേൾക്കട്ടെ
പുതിയ കാലത്തിന്റെ
ചാമുണ്ഡിപ്പരിശ്ശകളെ!



മായ ബാലകൃഷ്ണൻ

കവിത

# പൊയ്മുഖങ്ങൾ



ജാസ്മിൻ കുഞ്ഞോൾ



ഒരുനാൾ ഹൃദയാന്തരത്തിൽ
സ്നേഹത്തിന്റെ വസന്തം
നിറച്ചവൻ വന്നു

ജീവിതത്തിലും മരണത്തിലും
കൈവിടില്ലെന്ന ഉറച്ച വാക്കിനാൽ....

വാക്ക് കൊണ്ട് സ്നേഹം തീർത്തവന്
സ്നേഹവും ജീവിതവും
പകുത്തു വെച്ചവൾ
അവനോടൊപ്പം ചേർന്ന് നിന്നു

ഒരിക്കലും തന്നെയവൻ
തനിച്ചാക്കില്ലെന്ന വിശ്വാസത്തിൽ...

കുത്തിയൊലിച്ചു പോകുന്ന
മഴവെള്ളം പോൽ
ഒരുനാൾ അവനിലെ
സ്നേഹവും പ്രണയവും
ഒലിച്ചിറങ്ങി...

പലരും വിളിച്ചോതുന്ന
സ്ത്രീധനമെന്ന വിപത്ത്
അവനിലും വന്ന്
ചേർന്നതോടെ..

പിടയുന്ന ആത്മാവിൽ
ചോരത്തുള്ളികൾ ഇറ്റിറ്റു
വീണ ആ നിമിഷങ്ങളിൽ
അവൾ തിരിച്ചറിഞ്ഞു...

താനിന്ന് വരെ തന്റെ ജീവനിൽ
ചേർത്തു വെച്ചതൊക്കെയും
കാപട്യത്തിന്റെയും വഞ്ചനയുടെയും
പൊയ്മുഖങ്ങൾ
ആയിരുന്നെന്ന് ..

കവിത



# ചൈതന്യം

കലികാലത്തിന്റെ
വിരൂപമുഖം കണ്ണീരിനും
വിലാപങ്ങൾക്കും
വിലകല്പിക്കാതെ,

ജീവനോടെ കഴുത്ത്
ഞെരിച്ചു കൊല്ലുന്ന
കാഴ്ചകൾക്ക് നടുവിൽ
ദൈവം പോലും
അറച്ചു നിൽക്കുന്ന
ഭൂവിലാരുണ്ട്
ഒരു തിരി വെളിച്ചമേകിടാൻ

വിടരാൻ തുടങ്ങുന്ന
പൂമൊട്ടിനെയും
ചവിട്ടിമെതിച്ച്
ആനന്ദിച്ചഴിഞ്ഞാടുന്ന
മനുഷ്യക്കോമരങ്ങൾ

ചപലയെന്ന് പറഞ്ഞു
പുറം തള്ളുവാനുള്ളതല്ല
നാരിമാരെ,വാളിനെക്കാൾ
മൂർച്ചയുള്ള പ്രതികാരാഗ്നി
യായി സർവ്വതും
ചുട്ടുചാമ്പലാക്കും മാസ്മരിക
ശക്തിയാണവൾ

ചുടുചാമ്പലിൽ
നിന്നുയെർത്തെഴുന്നേറ്റ്
സത്യം തെളിയിക്കുന്ന
ചൈതന്യമാണവൾ,

മൃത്യുവിനും
തടങ്കലിലാക്കാൻ
കഴിയാത്ത
ജന്മകാരിണിയാണവൾ.



**ഷൈനി കെ പി**

# ഉപയോഗശൂന്യമാക്കപ്പെടുന്ന ചിറകുകൾ



കവിത

ആശുപത്രി വരാന്തയിലെ മൂകത
ഏതോ ഇരുണ്ട മേഘം വിരിച്ച
പരവതാനിപോലെ
തളം കെട്ടിനിന്നു
ഇളം മഞ്ഞ കലർന്ന വെയിലിന്റെ
അരണ്ട വെളിച്ചം
ജനാലയിലൂടെക്കടന്ന് മുറിയിലാകെ
കെട്ടഴിഞ്ഞ് കിടക്കുന്നു
നാലുനില കെട്ടിടത്തിന്റെ
പുറം കാഴ്ചകൾ
സുന്ദരമാണ്
പേരറിയാമരത്തിന്റെ
ചില്ലയിലൊരു കൂടും
കൂട്ടിലിരുമുട്ടയും, മുട്ടയ്ക്കുമേലടയിരിക്കുന്ന
തള്ളക്കിളിയ്ക്കുമായിട്ടൊ-
രാൺക്കിളി
കരുതലിന്റെ ചൂളം വിളിക്കുന്നു
ജനലഴി പിടിച്ചൊരൽപനേരം
അയാളതങ്ങനെ
നിറകണ്ണോടെ നോക്കിനിന്നു
ക്രൂരനായ ദൈവം അയാൾക്കങ്ങനൊരു ഭാഗ്യം കൊടുത്തിട്ടില്ല
സന്ധ്യ മാഞ്ഞ് രാത്രിയുടെ നീലാംബരി
രണ്ട് കിളിക്കുഞ്ഞിന്റെ
ഞരക്കം പിടിച്ച കരച്ചിൽ
മയങ്ങിക്കിടന്ന അയാളുടെ
കാതുകളിൽ ചെന്ന് തട്ടി വിളിച്ചു
കൂട്ടിലൊരു ആനന്ദപ്പെരുമഴ
ഒരച്ഛന്റെ കരുതലും
അമ്മയുടെ താരാട്ടും കേൾക്കാം...
അയാൾ കൂട്ടിലേക്ക്
വിഭ്രാന്തിയോടെ കണ്ണയച്ചു കണ്ണിമവെട്ടാതെ
വീട്ടിലെ കൂട്ടിലടച്ച കിളിയേയോർത്ത്
മൗനം പൂണ്ടു...
ചുറ്റുമുള്ള വീട്ടിലേക്കെത്തി നോക്കി
ചിറകുണ്ടായിട്ടുപോലും
ചിറകറ്റു പോയ അനേകം കിളികൾ
തത്തകൾ മൈനകൾ
അലങ്കാരപ്പക്ഷികൾ
അങ്ങനെയൊരു നീണ്ട നിര
പേരറിയുന്നതും അറിയാത്തതുമായ
എത്രയോ... ചിറകുകൾ
ചില മനുഷ്യരെ പോലെ....!



സരുൺ നാറാത്ത്

# കല്ലായിപ്പോകിലും

വരിക ചിത്രകാരാ,
നീയൊരിയ്ക്കൽക്കൂടിയെൻ
പതിതമാമീ വഴിത്താരയിൽ

അണിഞ്ഞിടാം ഞാൻ
നിനക്കായി വീണ്ടും
കടുംനിറമാർന്നൊരാ
വേഷഭൂഷാദികൾ.
മെയ്യനങ്ങാതെ,
എൻമിഴികൾ ചിമ്മാതെ
ജീവനുള്ളൊരു ശില്പമായ് മാറിടാം.

പകർത്തിടില്ലേ നീയൊരിയ്ക്കൽക്കൂടിയാ
പഴയചിത്രത്തിനൊത്ത ചാരുത.

ഓർമ്മകൾതൻ
മുൾവേലിക്കപ്പുറം
ആരോ രാകുന്നെൻ വ്രണിതമാനസം.

മാരിവില്ലെഴും
മണവാട്ടിയായി ഞാനന്ന് നിൻ
മുന്നിലേറെയിരുന്നതും

കണ്ണെടുക്കാതെ,നീയെ ന്നെപ്പകർത്തുമ്പോൾ
കണ്ണിമയ്ക്കാതെ
നോക്കിയിരുന്നതും

പിന്നെയേതോ വന്യനിമിഷത്തിൽ
അന്നം മറന്നു നാം
അനുരക്തരായതും,ഏറി
വന്നോരടിവയറ്റിൻ കനം
കണ്ടറിയാതെ
നീയെങ്ങോമറഞ്ഞതും.

ഏഴയായ് ഞാൻ
അലഞ്ഞൊരു കാലത്ത്
ഏകമായെനിക്കേകിയൊരാശ്രയം;
ചിത്രം പഠിക്കുവാനെത്തും കിടാങ്ങൾക്ക്
നോക്കിപ്പകർത്തുവാനുള്ളൊരുകോലമായ്.
ന്യൂഡ്, ന്യൂഡെന്നുറക്കെപ്പറയവേ
മെല്ലെമെല്ലെ ഞാൻ ചേലയഴിച്ചതും,
പിന്നെയോരോ ഉടുപ്പുരിയുമ്പോഴും
പ്രാണനെന്നെ കൈവിട്ടുപോയപോൽ.

അന്ന്,
ഞാനാ കലാശാലയൊന്നിൽ
എന്നുമെന്നപോൽ
നഗ്നയായിരിക്കവേ,
നോക്കിനോക്കി വരയ്ക്കും
കിടാങ്ങൾക്കിടയിൽ കണ്ടു
ഞാനെൻ പൊന്നോമൽപുത്രനെ.

അന്നു ഞാനൊരു കല്ലായിമാറി
കണ്ണീരുറവയുള്ളിലൂറും പെരുങ്കല്ല്.

വരിക ശിൽപ്പീ
നീയാ കടുങ്കല്ലിൽനിന്നെന്നെ
ഉറവ വറ്റാത്തൊരമരശില്പമാക്കുക

വരിക ചിത്രകാരാ,
നീയൊരിക്കലെങ്കിലുമിരിക്കണം
നിൻമകനു മുന്നിൽ
കണ്ടുകണ്ടവൻ
പകർത്തട്ടെ താതനെ
പെരുമയേറുമക്ക്യാൻവാസിലും,
പൊള്ളിയടർന്നോരുൾതടത്തിലും.

വരിക ചിത്രകാരാ,
നീയൊരിക്കൽക്കൂടി
തൊടുകയീ അഹല്യയെ
ശാപമോക്ഷം കാത്തിരിക്കുമീ
കടുങ്കല്ലിനെ.



ആബിദ ഇസ്മയിൽ

# പഴയ മനുഷ്യരും പുതിയ സ്റ്റാറ്റസുകളും



ഒരിടത്തൊരു ചക്കയിട്ടാൽ
അന്നുച്ചയ്ക്ക് തൊട്ടടുത്തുള്ള
നാലഞ്ച് വീടുകളിൽ ചക്ക കൂട്ടാൻ
വിളമ്പിയ കാലത്ത്

വല്ലിമ്മയും
സൈനാത്തയും
ലക്ഷ്മിയമ്മയും
അയിസാത്താന്റെ കോലായിയിൽ
സൊറ പറഞ്ഞിരിക്കണ കാലത്ത്

സൈനാത്തന്റെ വീട്ടിലെ
കോഴി മുട്ടയിട്ടതും
ലക്ഷ്മിയമ്മന്റെ തൊടൂലെ
വാഴ കുലച്ചതും
പടിഞ്ഞാറീലെ പശുവിന്
അകിട് വീക്കം വന്നതും
ക്ഷണനേരം കൊണ്ട് ഞങ്ങളറിഞ്ഞിരുന്നു

ചർച്ചകൾക്കും
ചിരികൾക്കും
ആളില്ലാതായതിൽ പിന്നെ

അപ്പുറത്തൊരു
പ്രസവം നടന്നാലും
ഇപ്പുറത്താരേലും രോഗം
വന്ന് കിടന്നാലും
ഞങ്ങളറിയുന്നത് രണ്ടാം
നാൾ സ്റ്റാറ്റസിലൂടെയാണ്

കാല
ചക്രമിനിയുമുരുളുമ്പോൾ
ലോക വേഗത ഇനിയും
കൂടുമ്പോൾ

ആരൊക്കെ മരിച്ചെന്നറിയാൻ
പരലോകത്തേക്കൊരു യാത്ര
പോകേണ്ടി വരുമോ
എന്നതാണിന്നെന്റെ ആശങ്ക...!



ഷാൻ മുഹമ്മദ് സഫറുദ്ധീൻ



# ചില കാവ്യചിന്തകളുടെ വ്യവഹാരം



ഡോ. അജയ് നാരായണൻ

സഭയിൽ ആലോചന കൂലങ്കഷമായി നടക്കുന്നു. എല്ലാരും കഷായം കുടിച്ചമട്ടിൽ മുഖം വക്രീകരിച്ചാണ് ഇരിപ്പ്. സീതയ്ക്ക് തെല്ലും കൂസലില്ല.

സംഭവം എന്താന്ന് വച്ചാല് വ്യാവസായികാടിസ്ഥാനത്തിൽ രാമരാജ്യത്തെ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സാംസ്കാരികകേന്ദ്രത്തിൽ കലാസാഹിത്യകേളികൾ, കേളികൊട്ടുകൾ, കോലുകളി, പരിശമുട്ട്, ഡപ്പാംകുത്ത്, വാക്പയറ്റ്, കത്തിക്കുത്ത് തുടങ്ങിയ കോലാഹലം വേണം ന്ന് മുഖ്യൻ തെക്കേടം ഒറ്റയ്ക്കങ്ങട് തീരുമാനം എടുത്തു. ത്രിബിൾ എഞ്ചിനാണ്. ത്രിലോകവും ഒറ്റയ്ക്ക് ഭരിക്കും ധീരൻ. ധീരനെ കഴിഞ്ഞേ മാവേലിയും വരൂ.

തിരുവായ് ശ്ലോകത്തിലാക്കി കാക്ക കരയുംമുന്നേ, നാരായണിത്തള്ള കാർക്കിച്ചുകുരയ്ക്കും മുന്നേ രേഖയിലാക്കി മന്ത്രിപ്രമുഖർക്ക് അയച്ചുകൊടുത്തു. കൊണ്ടപാടേ ഉറക്കം പോയ രാമൻ എതിർവാ ചൊല്ലാതെ മുണ്ടുമുറുക്കി തയ്യാറായി. സീതപ്പെണ്ണ് അപ്പോഴും പൂണ്ട ഉറക്കത്തിലായിരുന്നു. അവൾക്കുണ്ടോ കൂസൽ തെല്ലും. പേര് മാത്രേ സീതാ ന്നുള്ളു. പാഞ്ചാലി തൻ അറുമയാന സോദരി.

നിലപാട് തറയിൽ ശിലയായി നിന്ന് ഭംഗിയായി സാഹിത്യവാരം നടപ്പിലാക്കേണ്ടതിന്റെ സകല ചുമതലയും സ്വന്തം ചുമലിൽ തൂക്കിയിട്ടു മനസാവാചാകർമ്മണാ തയ്യാറായി രാമകവി. അല്ലേലും അങ്ങനെയാണ്

രാമൻ. പേരുകിട്ടണ ഏത് വേദിയിലും മുൻ പന്തിയിലാണ്. കുറച്ചുനാളായി പുതിയ സം രംഭം എന്താവണം, എന്താവരുത് എന്നെ ല്ലാമുള്ള തപസ്യയിലാണ്. വീണുകിട്ടീത് പാ ഴാക്കാൻ പറ്റില്ല. വേദി കിട്ടാണ്ട് ആകെ പു ളയുകയായിരുന്നു രാമൻ, കരയില് വീണ വരാല് പോലെ. ആരും അറിഞ്ഞിട്ടില്ല. രാ മഭാഗ്യം! കണ്ടാല് അപ്പൊക്കൊന്ന് കുടംപു ളിയിട്ട് കറിയാക്കും.

തെക്കേടത്തമ്മേടെ പ്രതിഷ്ഠ കെഴക്കും വടക്കും വേണം ന്നൊരു ദർശനം തമ്പുരാ ന് കിട്ടീന്ന് ചെലര് പറയാണ്. അതും നട ന്നാല് രാമനാട് പടർന്നു പന്തലിക്കും ന്നൊ രു തോന്നല് കലശലായി ബാധിച്ച തമ്പു രാൻ അതേക്കുറിച്ചും ചിന്തയിലാണ്. ചില ബ്ലൂപ്രിന്റ് ഒരുക്കുന്നുണ്ട്. അതിനിടയിലാണ് സാഹിത്യകലാപരിപാടി വീണുകിട്ടിയത്. സാഹിത്യരെ മുഴ്വോൻ വരുതിയിലാക്കാനു ള്ള തന്ത്രം ന്ന് പ്രതിപക്ഷം കരയാണ്. ആർ ക്ക് ചേതം!

മാനസതോഴൻറെ മനോരഥം ദീർഘ ത്തിൽ ദൃഷ്ടിച്ച കവി രാമൻ 'അപ്പൊ പ്രതി ഷ്ഠ പടിഞ്ഞാട്ടും വേണ്ടേ' ന്നൊരു ചോദ്യം സ്വയം ചോദിച്ചില്ല. അറമ്പ്യോള് സമ്മയ് ക്കില്യാ ന്ന് നല്ല നിശ്ചം ണ്ട്. മാത്രോല്ലാ, അയിത്തം ള്ള കാലമാണ്. കടല് തീണ്ടാൻ പാടില്ല, മൂത്താർക്ക്.

സാഹിത്യവാരം പ്രാവർത്തികമാക്കാൻ വഴിയുണ്ടോന്ന് അറിയാനാണ് സഭ കൂടാൻ തീരുമാനം ഉണ്ടായത്. സമയമൊട്ടും ഇല്ല. കല്ലുപോലെ കിടന്നുറങ്ങുന്ന കാഞ്ചനസീ തയെ ചൂണ്ടുവിരൽകൊണ്ടൊന്നു സ്പർശി ച്ചു രാമൻ. കാഞ്ചനയ്ക്ക് അനക്കമില്ല.

രാമന്റെ ഉള്ളിൽ സംഭ്രമം നന്നേയുണ്ട്. മന്ത്രിണീഭാവത്തിൽ സീതേടെ പ്രതികരണ ത്തിനു ആർത്തി ജാസ്തിയാണ്. കുംഭകർ ണ്ണനെപ്പോലെയാണ് ചെലപ്പോ മൂപ്പത്ത്യാ ര്. വെട്ടംവീണാല് പിന്നെ ഒരു ലക്കുകെട്ട മട്ടാ. നേരം വെളുത്താല് അപ്പത്തൊടങ്ങും, ഉപ്പില്ല, കടുകില്ല, പഞ്ചാരയില്ലാന്നൊക്കെ യുള്ള പതിവുള്ള രാഗം താനം പല്ലവി.

ഖജനാവ് കാലിയായ ഭരണകൂടത്തിന്റെ അവസ്ഥയും കല്പന വിരിയാത്ത കവിയു ടെ അവസ്ഥയും ഓൾക്ക് തിരിയില്യ. കട ത്തിന്റേം മടുപ്പിന്റേം കയത്തിൽ മുങ്ങാൻതു ടങ്ങുമ്പോഴാണ് ഓള് ടെ പുരാണം.

ഏതായാലും, മുഖ്യന്റെ ഇംഗിതം മോ ബീല് വഴി വെളുപ്പിനേ എത്തീത് ഒരു പിടി വള്ളിയായി രാമന്.

പിന്നേം തൊട്ടു സീതേനെ.



ആയമ്മ തിരിഞ്ഞുകിടന്നു. രാമൻ ഒന്ന് കാര്യായിട്ട് നുള്ളി. പാതി ഉറക്കത്തില്, "ങ്ങ ക്കൊന്ന് അനങ്ങാണ്ടേ കെടന്നൂടെ രാമേട്ടാ", ന്നായി പാതി കണ്ണ് തുറന്ന് പെണ്ണ്.

സാംസ്കാരിക കലാസാഹിത്യകേന്ദ്ര ത്തിൽ ഒരു വാരത്തിലേക്ക് വേണ്ടതായ കു റിപ്പടി മനസ്സിൽ വരച്ചിട്ടുകൊണ്ട്, തെക്കേ ടത്തമ്മയെ നൂറുവട്ടം ധ്യാനിച്ചുംകൊണ്ടു സീതേനെ മുറുക്കെയൊന്നു തോണ്ടിവിളി ച്ചു വെക്കം കാര്യം പറഞ്ഞു.

ബോധം വീണ ഓള് പിന്നെ ഒന്നും ആ ലോചിച്ചില്ല. പെടഞ്ഞെഴുന്നേറ്റു. അടുക്ക ളേന്ന് ഒരു മൊന്ത വെള്ളം എടുത്തു മോ റും വായും കഴുകി. അയയിൽ കെടന്ന തോർത്തെടുത്ത് അമർത്തിത്തുടച്ചു. കുളി വന്നിട്ടാവാം.

മുഷിഞ്ഞ രണ്ടാം മുണ്ടൊന്ന് കുടഞ്ഞു മാറിൽ വിശദമായി ചുറ്റീട്ട് രാമനെ ചാട്ടുളി കൊണ്ടൊന്നു നോക്കി നുമ്പേ ആഞ്ഞുനട ന്നു സീത.

ആ പോക്ക് കണ്ടു അന്തിച്ചുപോയി രാ

മൻ.

സാഹിത്യ കലാകേന്ദ്രത്തിന്റെ സർവ്വാധിപയാണ്, സത് ചിദാനന്ദ ഭാവമെങ്കിലും ക്ഷിപ്രകോപി. തെക്കേടത്തമ്മയെപ്പോലെ ആശ്രിതവത്സല, ഇഷ്ടവരദായിനി. താൻ വെറും സാംസ്കാരികമന്ത്രി. ഓളോട് കൂട്ട്യാല് കൂടില്ല. കയ്യില് കുന്തം ഇല്ലാന്നേയുള്ളൂ, ഉഗ്രമൂർത്തിയാണ്.

തെക്കേടം പാടം നടന്നു തീർത്തു. തോട്ടുവക്ക് ചാടിക്കടന്നു. ഓതിരം കടകം പറഞ്ഞുവെട്ടാൻ ആയിട്ടില്ല. ആൽത്തറയില് ആളില്ല. ശ്രീകോവിൽ നട തുറന്നിട്ടില്ല. കുളത്തില് കാളികൂളികളുടെ രാത്രിക്കുളി നടന്നേൻറെ ലക്ഷണം കണ്ടു. ദർശനം തരാനുള്ള സമയം ആയിട്ടൂല്യ. അതോണ്ട് ശ്ലോകം മൂളാൻ നിന്നില്ല. മനസ്സോണ്ട് തൊഴുതു, അമ്മേ കാക്കണേ.

ഇരിക്കാൻ കൂട്ടാക്കാണ്ട് കുന്തോം കുത്തി അമ്മ പിന്നാലെ കൂടി. മായ തന്നെ. യോഗം കൂടണോടത്ത് അമ്മയ്ക്കെന്താ കാര്യം! സഭേല് അഡ്മിനല്ല. വിവരം അറിയാനുള്ള ദൃഷ്ടി കൊറഞ്ഞുതുടങ്ങി. പ്രായം പ്രശ്നം ആണ്. കലികാലം.

അമ്മേടെ നിഴലുപോലും കാണാണ്ട് സീതേടെ പിന്നാലെ ആഞ്ഞുനടന്നു രാമൻ. ഇല്ലത്തിനടുത്ത് എത്തീത് അറിഞ്ഞില്ല.

അകത്താളിരുന്നാൽ കാണുന്ന ചെറുമതിലിന്റെ അപ്പുറത്ത് ചാരുകസാലയിൽ നിറഞ്ഞുകിടപ്പുണ്ട് തെക്കേടം. പൂമുഖത്ത് ഒരു ശുക്രതാരം ഉദിച്ചതുപോലെയുണ്ട്. എന്താ ഐശ്വര്യം! അനുപമകൃപാനിധി തന്നെ. രാമച്ചവിശറി വീശുമ്പോലെ ഉത്തരത്തില് തൂക്കിയിട്ട ഫാൻ കറങ്ങുന്നു.

ഇല്ലത്തമ്മ ഗമേല് അരികെയുണ്ട്. അമ്മേടെ പുറകില് പാറു. മൊബീലില് എന്തോ തോണ്ടിക്കൊണ്ട് സുഭാഷിണിപ്പെണ്ണ് തൂണും ചാരി നിൽപ്പുണ്ട്. ഒറ്റനോട്ടത്തിൽ എല്ലാം ഗ്രഹിച്ചു രാമൻ. സംഭവം കലക്കും.

രാമന്റെ തലവെട്ടം മതിലിനും അപ്പുറത്ത് കണ്ട പാറുസ്യാര് അമ്മേടെ ചെവീല് എന്തോ മൂളി. അമ്മ തെക്കെടത്തിനു കണ്ണുകാട്ടി. സുഭാഷിണിപ്പെണ്ണ് മൊബീലീന്ന് കണ്ണുപറിച്ചു മതിലിലേക്ക് നട്ടു. പൊക്കം പോരാത്തോണ്ട് ഇതൊന്നും കണ്ടില്ല സീത.

മതില് കവച്ചുവച്ചു രാമൻ മുറ്റത്തെത്തി. ഇപ്പുറത്തുനിന്ന് കൈ കൊടുത്തു എങ്കിലും തെല്ലും കൂസലില്ലാതെ സീത ഗേറ്റ് തുറന്നു നടന്നോണ്ട് വന്നു. ഓളങ്ങനെയാണ്, എല്ലാം നേരേ വാ, നേരേ പോ ന്ന മട്ടാണ്.

മുഖവുര ഇല്ലാതെ തെക്കേടം മൊഴിഞ്ഞു, “ട്ടോ രാമാ, മ്മക്ക് രാമനാട്ട് സാഹിത്യവാരം പൊടിക്കണം. രാമനാട്ടീയം ന്നോ മറ്റോ നാമകരണം ചെയ്തോളൂ. മ്മക്ക് ഒരു പാട്ട് വേണം. സിനിമേലും മറ്റും പാട്ട് എഴുതണ ഒരാള് മതി. കണ്ടാല് ഒരു കല വേണം, കേട്ടാലും ഒരു ഗുമ്മ് വേണം. അറിഞ്ഞാല് പിന്നെ മറക്കാണ്ടിരിക്കേം വേണം. സീതേടെ അടുപ്പത്തില് ആരാ ഉള്ളേന്നുവച്ചാ നോക്കൂ ട്ടോ. വേം വേണം.

ചർച്ചയ്ക്കും സംവാദത്തിനും വാഗ്വാദത്തിനും ഗോഗ്വാവിളിക്കും മൂന്നാല് ജഗജില്ലികൾ വേറേം വേണം. രാമന്റെ മുൻകാല പരിചയത്തില് ചെല വേന്ദ്രന്മാരുണ്ടല്ലോ, പോരേ രാമാ?“

സ്വപ്നരാജ്യത്തിൽനിന്നും ഞെട്ടിയുണർന്നു രാമൻ. വരണോർക്കും പോണോർക്കും സർവ്വാണിസ്സദ്യ, നാലും കൂട്ടി മുറുക്കാൻ, അക്ഷരശ്ലോകം, സോമപാനസുഖം, നേരമ്പോക്ക്, കഥകളി, പൊന്നാട, യാത്രപ്പടി, കമ്മീഷൻ...

എല്ലാം തരമാക്കാം.

രാമൻ പ്രകാശിച്ചു, “അവിടുത്തെ മനോധർമ്മം പോലെ ആകട്ടെ തമ്പുരാൻ. ഗോഗ്വാ വിളിക്കുള്ള വിഷയം, കഴിഞ്ഞ നൂറ്റാണ്ടിലെ ദേവദാസികൾ ആധുനിക ഭാഷാസാഹിത്യത്തിന്റെ വളർച്ചയിൽ വഹിച്ച പങ്ക് എന്നായാലോ?“

തെക്കേടം തലകുലുക്കി. കലക്കും എന്ന് രാമൻ മനസ്സിലും സീത മരത്തിലും കണ്ടു.

എല്ലാ വദനങ്ങളും സീതയിലേക്കായി. അവസരത്തിനൊത്ത് പൊങ്ങിയ സീത താണിറങ്ങി ഉമ്മറപ്പടിയിൽ ലാൻഡ് ചെയ്തു. അവിടെ കുന്തിച്ചിരുന്നാണ് ഓള്ടെ പകിടകളി. റഫറൻസിനായി ഫയൽ മറിച്ചുനോക്കി മൊഴിഞ്ഞു, “തമ്പുരാനേ, കഴിഞ്ഞ നൂറ്റാണ്ടിന്റെ ഇതിഹാസമായ ആശാൻ അമ്പത്തൊന്നക്ഷരംകൊണ്ടു പിഴയ്ക്കാണ്ട് വരച്ചുവച്ചത് ഇന്നും പഠനവിഷയമാണ്. എല്ലാം കണ്ടോര് ഉണ്ടെന്നും ഇല്ലാന്നും പറയാമോ ന്ന് അറിയില്ല. എന്നാലും അടിയന്റെ പഴമനസ്സില് ഒരാളുണ്ട്. മ്മടെ കുറ്റിക്കോട് പ്രസാദചന്ദ്രൻ. തെച്ചിക്കാട്ട് രാമേന്ദ്രന്റെ ഉറ്റ തോഴൻ. മദം എളക്യാല് രണ്ടിനേം പിടിച്ചാ കിട്ടില്യ.

ചെക്കൻ പൊളിക്കും, ഇല്ലേൽ പൊട്ടി

ക്കും. വ്ലോഗറാണ്. യൂട്യൂബില് സിനിമ പിടിച്ചു പൊളിഞ്ഞു പാളീസായി മുച്ചൂടും മുടിഞ്ഞു മുണ്ടക്കോലും കുത്തി വൈറലായി ചെക്കൻ. ഓനാവുമ്പോ പടച്ചോറും തൈരും മതി. കാന്താരി മ്മടെ പറമ്പീന്ന് അടിയൻ നുള്ളിക്കോളാം. തൊണ്ട നനയ്ക്കാൻ മൂത്ത തെങ്ങീന്ന് അപ്പൊ ചെത്തിയിറക്കിയ നാടൻ ജ്യൂസ് കൊടുക്കും. അത്രെങ്കിലും വേണ്ടേ സാറേ. ചെക്കൻ ഇഷ്ടക്കേട് കാട്ട്യാല് മന്ത്രിസഭ കുലുങ്ങും ട്ടാ.

കൊതുമ്പുവള്ളം തുഴഞ്ഞാവും ചെക്കൻ കരേറുക. വരുംവഴി നിലാവ് കണ്ടും കവിത കുറിച്ചും ഓൻ വന്നോളും. നീന്താനും മ്പിടി വശം ണ്ട്. ചർച്ചയ്ക്ക് വിളിച്ചാല് അതും കഴിഞ്ഞു നന്ദിയും പറഞ്ഞേ പോകൂ. പോകുമ്പോ കയ്യില് എന്തേലും വച്ചുകൊടുക്കണം. അത് നിർബന്ധാ.

പാട്ട് എഴുതാൻ മ്മടെ നാരായണ്യേടത്തിയെ ആണ് അടിയൻ മനസ്സിൽ കണ്ടത്. ഏടത്തീടെ നാടൻപാട്ട് ബഹുകേമം. വീരവിരാട കുമാര വിഭോ ന്നൊക്കെ നാലഞ്ച് താളത്തില് മാറിമാറി പാടും. പാടിക്കഴിഞ്ഞാൽ നാലും കൂട്ടി മുറുക്കാൻ കൊടുത്താൽ മതി. ഇടിച്ചു കൊടുക്കണം ന്നേയുള്ളു".

എല്ലാരും സീതേനെ തൊഴുതുനിന്നു. പ്രായോഗികബുദ്ധിയിൽ ഓള് കഴിഞ്ഞേ ആരും വരൂ. എല്ലാരും തലകുലുക്കി പ്രമേയം പാസ്സാക്കി. ഏടത്തിക്കും പ്രസാദനും വിവരത്തിനു കമ്പിയടിച്ചു. കമ്പി കിട്ടീത് സീത ഉള്ളാലെ കണ്ടു. ബാക്കിയെല്ലാം ഭാവന മാത്രം.

വിവരംവച്ച പ്രസാദൻ ശകടത്തിനു അപ്പൊഴേ ആളെ കൂട്ടീന്ന് മറുകമ്പി മൊബീല് വഴി അയച്ചു. രണ്ട് തുഴക്കാരും പോണവഴി വെള്ളത്തില് ചാഞ്ഞുകിടക്കണ തെങ്ങീന്ന് കരിക്ക് വെട്ടാൻ കത്തിയും തൊട്ടുനക്കാൻ കരിമീൻ കൊടംപുളിയിട്ടു പൊള്ളിച്ചതും കരുതും. ഈഌത്തുനാട്ടീന്ന് ഒഴുകിവന്നു മുളച്ച തെങ്ങ്. പൊഴേല് വളർന്ന മീൻ. ആരുണ്ട് ചോയ്ക്കാൻ.

മണ്ണെണ്ണസ്റ്റോവ് വേറേ കരുതണം. കഞ്ഞി വയ്ക്കാൻ പാകത്തില് കലം പുത്തൻ ഒരെണ്ണം തരപ്പെടുത്തും. കുശാലാണ്. കന്നിനിലാവത്ത് തോട്ടുവക്കത്ത് കൈത പൂത്തിരിക്കുമോ, അഞ്ചിലത്താളി തേച്ച് പെണ്ണുങ്ങൾ കുളിക്കണുണ്ടാവുമോ...

ഹൌ, കുളിരുകോരിയ ചെക്കൻ മൂളിക്കാണുമോ,

"പ്രിയതമേ കുളിരേ കുളികഴിഞ്ഞീറനുടുത്തു നീ നാണിച്ചുനിൽക്കുമ്പോൾ

നിന്റെ കുളി മുടക്കാനെന്നെ ക്ഷണിക്കുകില്ലേ

തോഴീ ആ നീലരാവിൽ നീയും വരികയില്ലേ..."

മതി. ഇതുമതി. ദേവദാസിവിഷയത്തിൽ ഓൻ പൊളിക്കും. സ്വയം കേമൻ തന്നെ.

ഇതേ മുഹൂർത്തത്തിൽ, പേരക്കുട്ട്യോള് വഴി ഇണ്ടാസ്സ് കിട്ടിയ നാരായണ്യേടത്തി നിക്കപ്പൊറുതി ഇല്ലാണ്ട് ഭക്തിഗാനം മൂളി,

"രാമനാഥാ തവ പാദപങ്കജം
തേടും ബാല ഞാൻ,
തൊട്ടുഴിയാൻ മമ മാനസം
തുടിക്കുമ്പോൾ
മുന്നിൽ വരുമോ ദേവാ, രാമാ
പഞ്ചാമൃതം നീ തരില്ലേ...
രാമാ, രാമാ,
രാമനാട് വാഴും നാഥാ..."

ഏടത്തിക്ക് ഭക്തിമൂത്തു. ഏത് രാഗത്തിൽ മൂളിയാലും കവിത കസറും. കാണാണ്ട് പഠിക്കണം, അതേയുള്ളു വഴി. കണ്ണ് ഇച്ചിരെ പുറകോട്ടാ.

ഇതെല്ലാം മനതാരിൽ കണ്ട സീത അപ്പളേ സ്ക്രീൻ ഷോട്ട് എടുത്തു തീർപ്പാക്കി. രാമനെ നോക്കി എല്ലാം ഓക്കേ ന്ന് തലയാട്ടി. രാമൻ മുഖ്യനെ നോക്കി തല കുലുക്കി. രണ്ടും കണ്ട മുഖ്യൻ മെല്ലെ താടിയൊന്നനക്കി. പിന്നെ ആരേം നോക്കീല. തീരുമാനം പാസ്സായി. വാരം തുടങ്ങാനുള്ള മുഹൂർത്തവും കുറിച്ചു. കുറിമാനം നാലുപാടും സുഭാഷിണിപ്പെണ്ണ് കൊടുത്തയച്ചു.

ഒച്ചയും ബഹളവുമില്ലാതെ സഭ പിരിഞ്ഞു.

സീത ദീർഘമായി ആശ്വസിച്ചു. പാറൂന്റോടെ ഇത്തിരി നല്ലെണ്ണ കടം വാങ്ങി തലേല് പൊത്തി. പോണവഴി വേലിമ്മേന്ന് അഞ്ചാറു ചെമ്പരത്തിയിലേം നുള്ളി. താളി തേച്ചു ഇനിയൊന്നു വെടിപ്പായി കുളിക്കണം.

ഓള്ടെ കുളി കാണാൻ തെക്കേടത്തമ്മയ്ക്ക് തെല്ലും ഔൽസുക്യം തോന്നീല. അതോണ്ട് കുന്നത്തിലേറി ശ്രീകോവിൽ ലക്ഷ്യമാക്കി അമ്മ പറന്നു.

●




# ജീവിതയാത്രയിലെ നൈമിഷിക ചിന്തകൾ



ദർശന

**മി**കച്ച സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുന്ന പേളി ജോസ് എന്ന മോട്ടിവേറ്റീവ് സ്പീക്കറുടെ പുതിയ കവിതാ സമാഹാരമാണ് **നീർപ്പളുങ്കുകൾ** എന്ന പുസ്തകം. ലാളിത്യമാണ് പേളിയുടെ കവിതകളുടെ മുഖമുദ്ര . ഈ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത് പ്രശസ്ത കവിയായ ദേശമംഗലം രാമകൃഷ്ണനാണ്. ജീവിച്ചു പോകുന്ന നാളുകളിലെ ഏതാനും ചിന്തകളും ആശയങ്ങളുമാണ് പേളി ഈ പുസ്തകത്തിൽ നീർപ്പളുങ്കുകളായി അവതരിപ്പിച്ചിട്ടുള്ളത് എന്നാണ് അദ്ദേഹം അവതാരികയിൽ സൂചിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യ ജീവിതത്തിന് അത്രയേറെ യാഥാർത്ഥ്യഭാരം താങ്ങാനാകാതെ വരുമ്പോൾ അനൈച്ഛികമായി മന:ശരീരം കണ്ടെത്തുന്ന പരിഹാരമാർഗ്ഗങ്ങളിൽ ഒന്നാണ് കലാസൃഷ്ടി. അത്തരത്തിലുള്ള സർഗാത്മകമായ ഒരു വഴി തിരിച്ചു വിടലാകാം പേളി തന്റെ എഴുത്തുകളിലൂടെ നിർവഹിക്കാൻ ശ്രമിച്ചിട്ടുള്ളത് എന്ന് വായനയിൽ നമുക്കും ബോധ്യമാകുന്നു .

45 കവിതകളാണ് ഈ സമാഹാരത്തിലുള്ളത്. ഈലിയാ ബുക്സ് ആണ് പ്രസാധകർ. ഈ കവിതകളിലൂടെ പേളി ജോസ് എന്താണ് പറയാൻ ശ്രമിച്ചിട്ടുള്ളത് എന്ന് ഏതാനും കവിതകളെ മുൻനിർത്തി പരിശോധിക്കാം.

മൗനം എന്ന കവിത നോക്കുക. പരിഭവത്തിനും പിണക്കത്തിനും നിർവികാരതയ്ക്കും ഇടർച്ചയ്ക്കും മൗനമാണ് ഭാഷയെത്രെ. തന്നിലേക്കുൾവലിയുന്നതും നിറയും മൗനത്തിലൂടെയെന്ന് കവി.

മനസ്സ് മനസ്സിനോട് മൊഴിയും

ഘനമുള്ള മൗനത്തിലൂടെ നെഞ്ചകം നിറഞ്ഞൊഴുകും അതിൻ ലിപിയുറഞ്ഞ മൗ

നമാണ് കവിത എന്നാണ് കവിയുടെ പക്ഷം.

’മൗനമേ നീയൊരതിമഹാസമുദ്രം ചിപ്പികൾ ഒളിപ്പിക്കും സാഗരം. ’

ഒരു ജന്മമെന്നാൽ ഉല്പത്തി മാത്രമല്ലല്ലോ . മറ്റൊന്നിൽ നിന്നുള്ള വിടുതലും പുതിയതൊന്നിലേക്കുള്ള വഴുതിവീഴലുമല്ലെ എന്ന് തികച്ചും ദാർശനിക തലത്തിലാണ് ജന്മമെന്നാൽ എന്ന കവിത ആരംഭിക്കുന്നത്. അതിനാൽ തന്നെ അതിന്റെ ഉർവരത ജന്മാന്തരങ്ങൾക്കപ്പുറത്തേക്ക് കാത്തുവെക്കാൻ നാം ബാധ്യസ്ഥരാണ് എന്ന് കവി പറയുന്നു. കടപ്പാട് എന്ന കവിതയിലാകട്ടെ എളുപ്പം മറന്നു കളയാവുന്ന വിലയേതുമില്ലാത്ത വസ്തുവാണതെന്ന് കവി നിർവചിക്കുന്നുണ്ട്. കൊടുത്തില്ലെങ്കിലും കണക്ക് പുസ്തകത്തിൽ ഇല്ലാത്ത കടം. തിരിച്ചു ചോദിക്കാനാവാത്ത മൂല്യം. പക്ഷേ അതൊരു പ്രതീക്ഷയാണത്രേ .

ജന്മം തന്നവരോട് , ജീവിതം തന്നവരോട് , അന്നം തന്നവരോട് നാം കൃതജ്ഞതാബദ്ധരാണെന്ന് കവി ഓർമ്മപ്പെടുത്തുന്നു.


ഇരുട്ടൊരു സത്യം എന്ന കവിത നോക്കൂ. പഴക്കമേറിയാൽ ഒരുവേള വെളിച്ചമായി മാറാൻ കഴിയുന്ന ഒരത്ഭുതമാണ് ഇരുട്ട് എന്ന കവി പറയുമ്പോൾ വെളിച്ചം മറയ്ക്കുന്ന സത്യങ്ങളെ മിഴിവോടെ കാണാൻ ഉണരേണം ചിലവേളകളിൽ രാവിൻ നദിയാമിരുട്ടിലേക്ക് എന്ന് പറയുന്ന കവിക്കൊപ്പം തന്നെയല്ലേ നമ്മളും.

പേളി ഒരു മോട്ടിവേറ്ററാണ് എന്ന് നേരത്തെ പറഞ്ഞല്ലോ. അതായിരിക്കും മിക്കവാറും എല്ലാ കവിതകളിലും പ്രത്യാശയുടെ കിരണങ്ങളാണ് വിരിയുന്നതും നിറയുന്നതും. അതുകൊണ്ടുതന്നെയാണ് ലഹരിയിൽ മയങ്ങുന്ന കുഞ്ഞുങ്ങളോട് അറിയുക ഇടനെഞ്ചുകൾ നിങ്ങൾക്കായെത്ര ഉരുകുന്നു , അലിയുന്നു, തകരുന്നു, നിങ്ങൾ തിരുത്തുക കുഞ്ഞുങ്ങളെ... എന്ന് അവർക്ക് പറയാനാകുന്നത്.(കവിത അരുത് ലഹരി ).

എല്ലാ കവിതകളെയും മുൻനിർത്തി ഒരു കവിതാ സമാഹാരത്തെ വിലയിരുത്തുക എന്നുള്ളത് എളുപ്പമല്ല. ഈ കവിതകളിൽ നേരിന്റെ നേർക്കാഴ്ചകളുണ്ട്, സ്വയം തേടലുണ്ട്, ജീവിതത്തിന്റെ നൈരന്തര്യങ്ങളുണ്ട്. ഇടർച്ചകളും നോവുകളും ആനന്ദത്തിന്റെ അമൃതധാരകളുമുണ്ട്. കലുഷിതമായ സാമൂഹിക അന്തരീക്ഷത്തെയോർത്ത് വേവലാതിപ്പെടുന്ന ഒരുവളെയും ഈ കവിതകളിൽ കാണാം. കബന്ധങ്ങളും ചോരപ്പാടുകളും നിലവിളികളും ഞരക്കങ്ങളും അവളെ നിരന്തരം വേട്ടയാടുന്നുണ്ട് , ഉറക്കം കെടുത്തുന്നുണ്ട് . ഒരിക്കൽ തന്റെ സഞ്ചാര വീഥികളിൽ മനോഹാരിതയാൽ ആകാശക്കാഴ്ചകൾ തീർത്ത രാജ്യങ്ങളുടെ ഇന്നത്തെ ദുരവസ്ഥയിൽ ഒരേസമയം വ്യഥിതയും ചകിതയുമാണ് അവൾ. ( യുദ്ധം എന്ന കവിത)

ഇടയിലെപ്പോഴോ നീണ്ട യാത്രയിൽ മയക്കം കഴിഞ്ഞൊരു സ്വപ്നത്തിന്റെ തലോടലിലേക്ക് ഉണർന്നെണീക്കുമ്പോൾ പാതി തുറന്ന ജാലകത്തിലൂടെ മടിയിൽ വന്നുവീണ ഒരു ഇല. അതിൽ അവ്യക്തമായ കൈപ്പടയിൽ കുറിച്ചിടപ്പെട്ട പ്രണയാക്ഷരങ്ങൾ. തനിക്കായി പ്രണയത്തിന്റെ ഈരടികൾ എഴുതുമോ എന്ന് അവളോട് ചോദിക്കുന്ന, പോയ കാലത്തിന്റെ പ്രണയ സ്മരണകൾ ഉണർത്തുന്ന മൺമറഞ്ഞുപോയ , പ്രിയതമന് ഇലയുടെ മറുപുറത്ത് മനസ്സുകൊണ്ട് അവൾ കുറിക്കുന്നുണ്ട്. നീ തന്നെയല്ലേ ഞാൻ എന്ന്. (കവിത. ഒരില).

എങ്കിലും ചിലപ്പോഴെങ്കിലും അവൾ മൗനിയാകുന്നുണ്ട്. അങ്ങനെ മൗനം ഉറഞ്ഞുകൂടുന്ന നിമിഷങ്ങളിൽ ഉരുവം കൊള്ളുന്ന ചിന്തകളുടെ ശേഷിപ്പുകളാണ് നീർപ്പളുങ്കുകൾ എന്ന ഈ സമാഹാരത്തിൽ ഉള്ളത്. ജീവിതത്തിന്റെ നിരന്തരമായ ആവർത്തനങ്ങൾ വിരസമല്ലെങ്കിലും അതിൽ നിന്നും മുക്തി നേടാൻ അവൾക്കു സാധിക്കുന്നത് സചേതനമായ മനസ്സു കൊണ്ടാണ് , ചിന്തകൾ കൊണ്ടാണ് , തന്റെ എഴുത്തുകൊണ്ടാണ്. വിദ്വാന്മാർക്ക്, ഒരു പക്ഷേ വിഭ്രമാത്മകമായ കൽപ്പനകളോ ബിംബ സമൃദ്ധികളോ ഈ കവിതകളിൽ കണ്ടെടുക്കാനായില്ല എന്ന് വരാം. എങ്കിലും തനിക്ക് ചുറ്റുമുള്ള സമൂഹത്തെ, അതിന്റെ സഞ്ചാരഗതികളെ നിരീക്ഷിക്കുന്ന, അടിച്ചമർത്തലുകളിൽ പൊട്ടിത്തെറിക്കുന്ന, പീഡിതർക്കൊപ്പം നിൽക്കുന്ന, വേട്ടയാടുന്നവരോട് യുദ്ധത്തിനൊരുങ്ങുന്ന, കലാപങ്ങളിൽ ആശങ്കപ്പെടുന്ന ഒരുവളെ നമുക്ക് ഈ കവിതകളിൽ കണ്ടെടുക്കാനാവും. അവൾ തന്റെ എഴുത്തുകളിലൂടെ തനിക്ക് ചുറ്റും സ്വയം തേടലിന്റെ ഒരു പാത സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണെന്ന് നിസംശയം പറയാനാകും. ●




# അഗ്നിയാവുക

## ഒറ്റയ്ക്ക്:- ദിവ്യ. സി.ആർ



**മധു മുല്ലൂർ**

മനസ്സിന് മുറിവേറ്റ സഹജീവികളിലേയ്ക്കിറങ്ങി ചെന്ന് എഴുത്തിന്റെ പടം പൊഴിക്കലാണ് ശ്രീമതി ദിവ്യ. സി. ആറിന്റെ 'ഒറ്റയ്ക്ക് ' എന്ന കവിതാ സമാഹാരം.വിഷാദവും രോഷവും സഹതാപവും വെറുപ്പും നൊമ്പരവും പ്രണയവും ഒക്കെ ആത്മരോദനമായി വാക്കുകളിലൂടെ പെയ്തിറങ്ങുമ്പോൾ കവിത പുതിയ മാനങ്ങൾ തേടുകയാണ്.ഗദ്യ ഭാഷയുടെ വാങ്മയ ചാരുത ഉടനീളം പ്രതിഫലിയ്ക്കുന്ന എഴുത്തു വഴി ഏറെ പ്രതീക്ഷ നൽകുന്നുണ്ട്.

' വിശപ്പ് സഹിയ്ക്കാനാകാതെ
ആത്മഹത്യ ചെയ്ത കുട്ടിയെ
എന്റെ കണ്ണുകൾ കാണുന്നതേയില്ല
പകരം ജലപീരങ്കിയിൽ കുതിർന്ന
നാറുന്ന രാഷ്ട്രീയത്തിന്റെ നേർകാഴ്ചകൾ
മികവോടെ തെളിയുന്നു
..............................................
പാൽ വേണോ പത്രം വേണോ
ഗഹനമായ ചോദ്യത്തിൽ
പാലിന്റെ തെളിച്ചത്തിൽ
കണ്ണ് ചിമ്മി തുറക്കുമ്പോൾ
കാഴ്ചയ്ക്ക് മാത്രമല്ല
ചിന്തയ്ക്കും സാരമായ പ്രശ്നമുണ്ട് '

നേരതിരുകൾ ലംഘിക്കപ്പെട്ട് ജീവിതത്തിന്റെ പരിമിതികളിൽ ഒതുങ്ങി പോകുന്ന കാലത്തിന്റെ ചിത്രം വരച്ചു വയ്ക്കുന്നുണ്ട് ഈ വരികൾ.ചുറ്റും പരക്കുന്ന അസ്തമയത്തിൽ മഞ്ഞ പൂക്കൾ ചുവന്ന് കറുക്കുമ്പോൾ പ്രതീക്ഷയും വിപ്ലവവും നിരാശയും ഒടുവിലെ നഷ്ടബോധവും തുടിയ്ക്കുന്നത് കാണാതെ പോകാനാകില്ല. നീലാകാശത്തിലെ മഴവിൽ ചാരുതയെ പ്രണയമെന്ന് വിശേഷിപ്പിയ്ക്കുന്ന എഴുത്തിൽ മാരിവില്ല് മാഞ്ഞു പോകുമ്പോൾ പൊടിയുന്ന നോവിന് വീണ്ടും കാത്തിരിയ്ക്കാനെ തരമുള്ളു. മഴ കാക്കുന്ന വേഴാമ്പലിനെപ്പോൽ: ഏഴ് വർണ്ണങ്ങൾ കാത്ത് നൃത്തചുവടിനായ് കാത്തുനിൽക്കുന്ന മയിലിനെപ്പോൽ: കാത്തിരിപ്പിന്റെ ഒടുവിൽ നി

ശബ്ദതയെന്ന കവിതയിൽ

'വെൺ തിരകളിൽ ഞാനെന്നെയൊരിക്കൽ

ഒളിച്ചു വയ്ക്കും'

എന്ന കടുത്ത തീരുമാനവും യാത്രയെന്ന കവിതയിൽ' കാല്പനികതയാൽ

നീ തൊട്ട പ്രണയവും

യാഥാർത്ഥ്യത്തിൽ

ഞാൻ കണ്ട ജീവിതവും

ഇരു ധ്രുവങ്ങളിലേയ്ക്ക് '

തുഴയുന്ന വഞ്ചി പോലെ '

എന്ന തിരിച്ചറിവിൽ എഴുത്തുകാരിയെ എത്തിയ്ക്കുമ്പോൾ അത് വായനക്കാരേയും അസ്വസ്ഥമാക്കാതിരിക്കില്ല. അപ്പോഴും പ്രണയത്തെ തട്ടിയകറ്റാൻ കവിയ്ക്കാകുന്നില്ല. അത് അത്ര മാത്രം തീവ്രമായി കരളിൽ തുടിയ്ക്കുന്നുണ്ട്.

' ഇലകൾ കൊണ്ട് പരസ്പരം

തൊട്ടിടാതെ, വേരുകൾ

ആഴത്തിലാഴത്തിൽ ചുറ്റി-

പുണരുന്ന മരത്തെക്കാൾ

മനോഹരമായി ഞാനങ്ങനെ

യാണു നിന്നെ പ്രണയിക്കേണ്ടത് '

പ്രണയത്തിന്റെ ചപലതകൾക്കപ്പുറം തീവ്രവും വൈകാരികവും മായ ഒരു തലം കൂടി പങ്കു വയ്ക്കുന്നുണ്ട് ഇവിടെ. കേവലം പുറംമോടിയല്ലാതെ ഒരു ആന്തരിക തലം കൂടി പകരുന്നുണ്ട്. ആത്മാംശം പങ്കിടുന്ന കവിതകളും ഉൾപ്പെടുത്തി കാണുന്നു.' മറുപ്പിറവിയും മാറുന്ന ഗ്രാമീണ മുഖങ്ങളും മനുഷ്യ ജഡങ്ങളും ഈ ഗണത്തിൽ പെടുമെന്ന് തോന്നുന്നു. തന്റെ എഴുത്തിനെ കുറിച്ച് കൃത്യമായ അടയാളപ്പെടുത്തലുണ്ട്

ദിവ്യയ്ക്ക് -

' വസന്തത്തിൽ വിടരുന്ന

പൂവിനെ കണ്ട് മോഹിയ്ക്കും

ശലഭത്തിൻ വർണ്ണ ചാരുതയിൽ

വിടരുന്നതല്ലെൻ കവിത

വേദനയുടെ ഹൃദയാഴങ്ങളിൽ

ചോര പൊടിയും മുറിവുകളിൽ

നേർത്ത തൂവലാൽ വീശി

തണുപ്പിയ്ക്കും മരുന്നാണത് "

പുറം ലോകത്തിന്റെ വശ്യമനോഹാരിതയിൽ അഭിരമിയ്ക്കാനല്ല മറിച്ച് വേദനിയ്ക്കുന്ന ഹൃദയങ്ങളോടൊപ്പം ചേർന്നു നിൽക്കാനാണ് എഴുത്തുകാരി ശ്രമിയ്ക്കുന്നതെന്ന് വ്യക്തം. മാതാപിതാക്കൾ നൽകിയ വാത്സല്ല്യവും അത് തിരിച്ചറിയാതെ പോയ ബാല്യകാലവും തുലാ പെയ്ത്തായി പെയ്തിറങ്ങുമ്പോൾ കൗമാരത്തിൽ നിന്ന് യൗവ്വനം കടന്ന് കുടുംബിനിയാകുമ്പോൾ ആ കരുതലുകൾ തിരിച്ചറിയുന്നുണ്ട്. സ്വയം ഉരുകിയൊലിയ്ക്കുമ്പോൾ വഴി വിളക്കായി തെളിഞ്ഞു കത്തിയ ചെരതുകളുടെ ഉള്ളുരുക്കങ്ങൾ തിരിച്ചറിയുന്നുണ്ട്. ഉരുകിയുരുകി നെഞ്ചകം പൊള്ളിയ രക്ഷാകവചങ്ങളെ നേഞ്ചോട് ചേർക്കുന്നുണ്ട്. അസ്വസ്ഥമാകുന്ന പകൽ ചൂടിൽ സ്വപ്ന ചിറകുകൾ കരിഞ്ഞ് രാവിനെ പുതച്ച് ഇരുളുകളിൽ തന്റെ സ്വത്വം കണ്ടെത്തുന്ന കവിത ചോരയ്ക്ക് പോലും നിറം കറുപ്പാണന്ന് കണ്ടെത്തുന്നു.ഇരുളാണ്ട ലോക ചുറ്റുപാടുകളിലെ ഒറ്റപ്പെടുത്തലുകളെ ഇത് അടയാളപ്പെടുത്തുന്നുണ്ട്.


പ്രണയാക്ഷരങ്ങൾ പകുത്തു വയ്ക്കുന്നുണ്ട് ഈ ഏടുകളിലെ ഭൂരിപക്ഷം കവിതകളിലും ഒന്നു പറഞ്ഞോട്ടെ അതിലെല്ലാം തന്നെ പരാജയത്തിന്റെ, നൊമ്പരത്തിന്റെ ,ഒറ്റപ്പെടലിന്റെ മുറിവുകളാണ്. ആ വ്രണങ്ങളിൽ നിന്ന് നോവിന്റെ ചോര നീരിടുന്നുണ്ട്. അത് പുറത്തേയ്ക്കൊഴുകി വിരഹ വഴിയേ പരക്കുന്നുണ്ട്. അപ്പോഴും ശൈശവങ്ങളെ കാമാന്ധതയ്ക്കിരയാക്കുന്ന കാലത്തിന് നേരേ ലാവാപ്രവാഹമായി തിളച്ച് പൊന്തി നീതികേടുകളെ ചുട്ടെരിയ്ക്കാൻ ആഹ്വാനം ചെയ്ത് സ്വയം രൗദ്രഭാവം പൂണ്ട് കാളിയായി തീരുന്നു.

'അഗ്നിയാവുക നീ

പെണ്ണേ കത്തിയെരിയുക നീ '

അക്ഷരങ്ങളിൽ അഗ്നി പടർത്തി കവിതയായി കത്തി പടരാൻ ഈ അക്ഷര കൂട്ടുകാരിയ്ക്ക് കഴിയട്ടെ. ഒപ്പം ഒറ്റയ്ക്കല്ലന്ന് തിരിച്ചറിയട്ടെ. അക്ഷരാഭിവാദ്യങ്ങൾ

●






# രണ്ടുദിവസത്തെ വിചാരണ

## (സി. രാധാകൃഷ്ണൻ)



**രാജലക്ഷ്മി മഠത്തിൽ**

## എന്റെ വായന തൊട്ടറിഞ്ഞ അനുഭവം

**വാ**യനാസമൂഹത്തിന്റെ നാഡീമിടിപ്പ് തൊട്ടറിഞ്ഞ ശ്രീ സി. രാധാകൃഷ്ണൻ മലയാളികൾക്ക് ഏറെ പരിചിതനായ എഴുത്തുകാരൻ. നോവലുകളിലൂടെ ശാസ്ത്രത്തിന്റെ നൂലറ്റം ചേർത്തുവച്ച സൂക്ഷ്മദർശിയായ കഥാകാരൻ.

ആരുടെയൊക്കെയോ കാൽപ്പാടുകളിൽ മാഞ്ഞില്ലാതാകുന്ന നിസ്സാരരായ മനുഷ്യജന്മങ്ങളുടെ കഥ പറയുന്ന 'രണ്ടുദിവസത്തെ വിചാരണ' എന്ന നോവൽ അദ്ദേഹത്തിന്റെ മറ്റു നോവലുകളിൽ നിന്ന്, തികച്ചും വ്യത്യസ്തമാണെന്നെനിക്ക് തോന്നുന്നു. സാമൂഹ്യപ്രസക്തിയുള്ള , കാലം മറുപടി പറയേണ്ട അല്ലെങ്കിൽ കണ്ടെത്തേണ്ട മനോഹരമായ രചന. രണ്ടുദിവസം ഒരു കോടതി മുറിയിൽ നടക്കുന്ന വിചാരണയിൽ, 'പണത്തിനു മീതെ പരുന്തും പറക്കില്ല' എന്ന തത്വം വീണ്ടും വീണ്ടും സമൂഹത്തെ ഓർമ്മപ്പെടുത്തുന്ന കഥ. പുസ്തകത്തിന്റെ, പുറംചട്ടയുടെ മങ്ങിയ നിറപ്പകർച്ചയിൽ, എവിടെയോ കാണാമറയത്ത്, മൗനങ്ങളുടെ യുന്ന, കാൽപ്പാടുകളിൽ നിസ്സാരരായ മനുഷ്യജന്മങ്ങളുടെ നിസംഗത പറയുന്ന മനോഹരമായ നോവൽ.

'സുധാകരൻ കേസിന്റെ വിചാരണ നാളെ തുടങ്ങുകയാണ്' നോവലിന്റെ തുടക്കം തന്നെ മറ്റുള്ളവരിൽ ആകാംക്ഷ ജനിപ്പിക്കുന്നുണ്ട്. കഥയുടെ അവസാനം വരെ ആകാംക്ഷ കാത്തുസൂക്ഷിക്കാൻ കഴിയും വിധത്തിൽ സുധാകരൻ എന്ന ചെറുപ്പക്കാരന്റെ തിരോധാനത്തെ, അക്ഷര വിന്യാസത്തിന്റെ മാസ്മരികത ചേർത്ത് നിറച്ചുവയ്ക്കുന്നുണ്ട്. നിയമവ്യവസ്ഥയുടെ അടിസ്ഥാനപരമായ, ചിന്തകളുടെ കൂട്ടുപിടിച്ച്, തെളിവുകൾ ഇല്ലാതാക്കി, കേസുകൾ മാറ്റിമറിക്കപ്പെടുന്ന , ഭീകരവാഴ്ചയുടെ താണ്ഡവതാളം മുറുകുന്നുണ്ട്, കഥയിലങ്ങോളം. വാക്കുകളുടെ കെട്ട് പൊട്ടിക്കാതെ ഒരൊഴുക്ക് പോലെ, ബഹളങ്ങളില്ലാത്ത നോവൽ. സി. രാധാകൃഷ്ണന്റെ ശാസ്ത്ര നോവലുകളിൽ നിന്ന്, ഭാഷയിൽ നിന്നെല്ലാം മാറി

സൗമ്യമായി പറഞ്ഞു പോകുന്ന കാര്യമാത്ര പ്രസക്തമായ 'രണ്ടുദിവസത്തെ വിചാരണ' എന്ന നോവൽ സാധാരണക്കാരന്റെ മനസ്സിലേക്ക് നോവുണർത്തി നീറ്റലായി പടർന്നു കയറുന്നു. ഈ നോവലിലെ വൃദ്ധയായ ചെറൂലിയുടെ വാക്കുകൾ' ഒട്ടും കാര്യമാക്കാതെ 'സാക്ഷ്യപത്രത്തിന്റെ മനോവ്യാപാരങ്ങളുടെ നിസ്സാരതയായി' കോടതിയും വക്കീലും കാണുന്നു. ഒരു പത്രപ്രവർത്തകന്റെ കാഴ്ചയിലൂടെ കടന്നുപോകുന്ന ഈ നോവലിൽ മറ്റൊരു മാധ്യമ പ്രവർത്തകനായ രാമു എന്ന കഥാപാത്രവും ഉണ്ട്. പത്രപ്രവർത്തകരുടെ ജീവിതവും നിസ്സാരതയും വ്യക്തമാക്കുന്ന ചില രസകരമായ രംഗങ്ങളും ഈ നോവലിന്റെ പ്രതിച്ഛായ കൂട്ടുന്നുണ്ട്.

'പത്രപ്രവർത്തകർ പത്രം വായിക്കാറില്ല തലക്കെട്ട് മാത്രമേ നോക്കാറുള്ളൂ ' എന്ന വരികൾ

ഒരുപാട് ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. മനോരോഗ വിദഗ്ധൻ, പോലീസ് ഉദ്യോഗസ്ഥൻ, പ്രശസ്തനായ വക്കീൽ, കടയുടമസ്ഥൻ, എന്നിവരെല്ലാം വിശ്വസിക്കുന്നതു പോലെതന്നെ 'ഏരേച്ചൻ മുതലാളിയുടെ പണത്തിനു മുമ്പിൽ ഒന്നും നടക്കില്ല,' എന്ന തത്വം അടിവരയിട്ട് ഉറപ്പിക്കുന്നു. ഇന്നത്തെ കാലത്ത് വാർത്തകളെല്ലാം ആർക്കൊക്കെയോ വേണ്ടി ചമയ്ക്കപ്പെടുന്നതാണെന്ന ശാശ്വത സത്യവും ഈ നോവലിൽ തെളിയുന്നുണ്ട്.

ചെറുപ്പക്കാരനായ വക്കീൽ സുധാകരനു വേണ്ടി വാദിക്കുമ്പോൾ, കോടതിയും സമൂഹവും അതിനെ വളരെയധികം നിസ്സാരവൽക്കരിക്കപ്പെടുന്ന രംഗങ്ങൾ ഈ നോവലിന്റെ മാറ്റുകൂട്ടുന്നു. എങ്കിലും അവസാനം നിമിഷം വരെ പൊരുതാനും പിടിച്ചുനിൽക്കാനുമുള്ള യുവത്വത്തിന്റെ കണികകൾ ശക്തിയുക്തം കൊരുത്തുവച്ച വാദഗതികൾ കോടതി മുറിയിൽ അരങ്ങേറുന്നു. മാറുന്ന പത്രസംസ്കാരത്തിന്റെ കരാളഹസ്തങ്ങൾ ഇറുക്കിക്കൊല്ലുന്നത് പാവപ്പെട്ടവരുടെ ആശയും പ്രതീക്ഷകളും ജീവനുമാണെന്ന വാസ്തവം അടിവരയിടുന്ന ഈ കൃതിക്ക്, സാധാരണക്കാരന്റെ വേദനയിലലിഞ്ഞ

കാതലുണ്ട്. 'ജീവൻ പോയാൽ പോയവർക്ക് പോയി' എന്ന ഹോട്ടൽ മുതലാളിയുടെ ആത്മഗതം. സമകാലമനുഷ്യാവസ്ഥയുടെ കെടുതികൾ, അസംതൃപ്തരായ ചെറുപ്പക്കാർ അവരുടെ നിസ്സഹായ അവസ്ഥ, ആത്മഹത്യകൾ. മുൻവിധികളിൽ വിശ്വാസമില്ലാത്ത കോടതിയും നിയമവ്യവസ്ഥയും, സത്യത്തെ സ്വർണ്ണപാത്രം കൊണ്ട് അടച്ചുവെച്ച് അതിനുമുകളിൽ കയറിയിരുന്ന്, കള്ളങ്ങൾ ഘോരഘോരം അലറി വിളിച്ച്, പണക്കാരെ രക്ഷിക്കാൻ കാണിക്കുന്ന നിയമവ്യവസ്ഥയുടെ മിടുക്ക്.

'മൃതദേഹമോ അവശിഷ്ടങ്ങളോ കണ്ടു കിട്ടാതെ കൊലപാതകമാണെന്ന് വിശ്വസിക്കാനാവുമോ' എന്ന പോലീസ് ഉദ്യോഗസ്ഥന്റെ ചോദ്യം ആർക്കും ആരെയും ഇല്ലാതാക്കാം.

പണവും വക്കീലും വിചാരിച്ചാൽ ഏതൊരാളെയും നിഷ്പ്രഭ നാക്കാമെന്നും കൊലചെയ്യാമെന്നുമുള്ള സത്യങ്ങൾ നീരാളിയെ പോലിഴയുന്നുണ്ട്.ഈ നോവലിൽ മാധ്യമ ധർമ്മം ചോദ്യം ചെയ്യപ്പെടുന്നുണ്ടെന്നു പറയാം.

എങ്ങനെയും വളച്ചൊടിക്കപ്പെടുന്ന നിയമവ്യവസ്ഥയുടെ, പോരായ്മകളെ നിരത്തി കാണിച്ച്, മനുഷ്യസമൂഹത്തിന്റെ കണ്ണുതുറപ്പിച്ച്, നിസ്വരായ മനുഷ്യജന്മങ്ങൾക്ക് വേണ്ടി എഴുത്തുകാരന്റെ തൂലിക ചലിച്ചു കൊണ്ടേയിരിക്കുന്നു. മനസ്സിന് കാഠിന്യം ഇല്ലാത്തവർ മനോരോഗികളാക്കപ്പെടുന്നുവെന്ന കാര്യവും ഈ കഥ സൂചിപ്പിക്കുന്നുണ്ട് . പ്രായം ചെന്നവർ സത്യം വിളിച്ചു പറഞ്ഞാൽ അത് വിഭ്രാന്തി പൂണ്ട ആത്മരോദ നങ്ങളാണെന്ന് കരുതുന്ന നിയമവ്യവസ്ഥയുടെ വികലമായ ചിന്തകളെ, പ്രസ്താവിക്കുന്നുണ്ട്.

സത്യത്തിനു വേണ്ടി നിലകൊള്ളുന്നവർ എന്നും തലകുനിച്ച് ഇറങ്ങിപ്പോകേണ്ടി വരുന്ന, അല്ലെങ്കിൽ അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന , നീചമായ സാമൂഹ്യവ്യവസ്ഥിതിയുടെ നേർക്കാഴ്ചയിൽ, വായനക്കാരനെ മരവിപ്പിക്കാൻ കഴിയുന്ന അക്ഷരച്ചാതുരി കാത്തുസൂക്ഷിക്കുന്ന 'രണ്ടുദിവസത്തെ വിചാരണ' എന്ന നോവൽ , വായനക്കാരിൽ ഹൃദയത്തിലെവിടെയോ ഒരു നീറ്റൽ ഉണ്ടാക്കി ചിന്തിപ്പിക്കും എന്ന കാര്യം ഉറപ്പാണ്. മലയാളത്തിന്റെ അക്ഷരമുറ്റത്തെ മുതിർന്ന എഴുത്തുകാരൻ , എഴുത്തിന്റെ വഴികളിൽ നോവൽ സാഹിത്യത്തിന് വേറിട്ട മുഖം നൽകിയ വ്യക്തിത്വം, അദ്ദേഹത്തിന് ഹൃദയത്തിൽ നിന്ന്, ആയുരാരോഗ്യസൗഖ്യങ്ങളും ആശംസകളും നേരുന്നു. ●




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# ദാഹം

" മോളേ വെള്ളം പാഴാക്കല്ലേ ഈ ഒരു തുള്ളി വെള്ളത്തിനു വേണ്ടി എത്ര പേർ കൊതിക്കുന്നുണ്ടാക്കും' മുത്തശ്ശി പറഞ്ഞു.' ഈ മുത്തശ്ശിക്കെന്താ ഒരു കൈകഴുകാനും പാടില്ലേ' അനു പറഞ്ഞു. ' മോളെ ഞാൻ പറഞ്ഞത് ........' . ' ഒന്നു നിറുത്താമോ' അനുവിന് ദേഷ്യം വന്നു. അവൾ വേഗം ബാഗുമെടുത്ത് പോയി. നടന്നു പോവുമ്പോഴെക്കെ അവൾക്ക് മനസ്സിൽ മുത്തശ്ശിയോടുള്ള ദേഷ്യമായിരുന്നു. സ്കൂളിൽ ചെന്നപ്പോഴാണ് ഓർത്തത് വാട്ടർ ബോട്ടിൽ എടുത്തില്ല ദാഹിക്കുന്നുമുണ്ട് അനു അടുത്തിരിക്കുന്ന മാളുവിനോട് ചോദിച്ചു ' എടീ കുറച്ച് വെള്ളം തരാമോ ദാഹിച്ചിട്ടു വയ്യ'. 'ഇന്നേയ് പി.ടി ഉണ്ട് എനിക്കു ദാഹിക്കും നീ വേറെ ആ രോടെങ്കിലും ചോദിച്ചുനോക്ക് ' . അവൾ എല്ലാവരോടും ചോദിച്ചു എല്ലാവരും ഇതേ മറുപടി തന്നെയാണ് പറഞ്ഞത് അവൾക്ക് സങ്കടമായി. വൈകുന്നേരം സ്കൂൾ വിട്ട് നടന്നു വരുമ്പോഴാണ് വീടിന്റെ ഉമ്മറതിണ്ണയിൽ ഒരു കാക്ക അവിടെയുള്ള ഒരു പാത്രത്തിൽ എത്തി നോക്കുന്നു ദാഹിച്ചു വലഞ്ഞ അവൾക്ക് അത് പാത്രത്തിൽ എത്തി നോക്കുന്നത് എന്തിനാണെന്ന് മനസ്സിലായി ബാഗ് മുറ്റത്ത് വലിച്ചെറിഞ്ഞ് അവൾ വേഗം ഒരു കപ്പിൽ വെള്ളമെടുത്ത് ആ പാത്രത്തിലേക്ക് ഒഴിച്ചു കൊടുത്തു കാക്ക ആ വെള്ളം ആർത്തിയോടെ കുടിച്ചു. അവൾ ഒരു ഗ്ലാസ് വെള്ളം കുടിച്ചതിനു ശേഷം ആ കാക്കയും മറ്റു പക്ഷികളും വെള്ളം കുടിക്കുന്നത് നോക്കി നിന്നു അവളുടെ മുത്തശ്ശി എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു അവൾ അതൊന്നും കേട്ടില്ല . അന്ന് അവൾക്ക് വെള്ളത്തിന്റെ വില മനസ്സിലായി.

AKHINA.S
4 A
9400373545
GHS KARAKURUSSI

## ജാലകപ്പെട്ടി

വീട്ടിനകത്തുള്ള ജാലക പെട്ടി
മെല്ലെ ഞാനൊന്നു തുറന്നു നോക്കി
മിന്നിത്തിളങ്ങുന്ന കൊച്ചുനക്ഷത്രങ്ങൾ
എന്നെയും നോക്കി പുഞ്ചിരിച്ചു
വെളിച്ചം പരത്തുന്ന മിന്നാമിന്നികൾ
എനിക്കു കൂട്ടിനായി വന്നു നിന്നു
ഇരുട്ടിൽ കണ്ടൊരാ സുന്ദര കാഴ്ച
മറക്കാതെ മനസ്സിൽ പതിഞ്ഞിരുന്നു.

*


**ഭൂമിക എ എസ്**
4എ
GHS KARAKURUSSI

## അധർമ്മ ഭൂമി

മേഘങ്ങളുടെ യുദ്ധത്തിന് പ്രതിഷേധമായി ഒഴുകിവന്ന നിർത്തുള്ളികൾ മണ്ണിന് കുളിരേകിയില്ല..
ക്രൂരമായി കുത്തിയൊലിച്ച്
പുതുനാമ്പിനെ തലകുനിപ്പിച്ചു.
ഭൂമിയിലെ മനുഷ്യായുധങ്ങൾ
ചുടു രക്തത്തെ ഭൂമിക്കു ബലിയാക്കി സമാധാനം എന്ന സമ്പത്തിനെ
എന്നെന്നേക്കുമായി മണ്ണിലൊളിപ്പിച്ചു.
തീ ജ്വാല പോൽ ക്രൂരതയുടെ മുഖംമൂടി ആളിക്കത്തിയപ്പോഴേക്കും ജീവന്റെ അവസാന നിലവിളികൾ കാതിൽ അലച്ചുകൊണ്ടേയിരുന്നു..

**അക്ഷര. എ. എസ്**
ക്ലാസ്സ് 10
GHS KARAKURUSSI





ദേവാനന്ദ് MS, IX - C,
CMGHSS, കുറ്റൂർ, തൃശ്ശൂർ



യദു മുരളികൃഷ്ണൻ
ക്ലാസ് 5 A
സെന്റ് ജൂഡ് പബ്ലിക്ക്
സ്കൂൾ, കുട്ടനെല്ലൂർ..